


# ഡയറക്ടേഴ്സ് മാനുവൽ




# ഗാലക്സി എക്സ്പ്രസ് വി.ബി.എസ്. പ്രോഗ്രാമിലേക്ക് സ്വാഗതം!

നിങ്ങൾക്കും നിങ്ങളുടെ സഭയിലും സമൂഹത്തിലുമുള്ള കുട്ടികൾക്കും ഒരാഴ്ചക്കാലം നീണ്ടുനിൽക്കുന്ന, നിങ്ങളുടെയെല്ലാം ജീവിതത്തെ എന്നേക്കുമായി രൂപാന്തരപ്പെടുത്തിയേക്കാൻ സാധിക്കുന്ന, ഒരു ഒരു പ്രത്യേക പ്രോഗ്രാമിലേക്ക് "ടേക്ക്-ഓഫ്" ചെയ്യാൻ എല്ലാം തയ്യാറായിരിക്കുകയാണ്!

നിങ്ങളുടെ സഭയെയൊ കുട്ടികളുടെ ക്ലബ്ബിനെയോ 'ഗാലക്സി എക്സ്പ്രസ്' എന്ന പേരുള്ള ഒരു ശൂന്യാകാശ പേടകമായി സങ്കല്പിക്കുന്നത് അദ്ധ്യാപകർക്ക് രസകരമായിരിക്കും. അതിൽ, വി.ബി.എസ്സിലെ എല്ലാ ഗ്രൂപ്പുകളും ഒന്നിച്ച് ശൂന്യാകാശത്തേക്ക് ടേക്ക്-ഓഫ് ചെയ്യുകയും ദൈവത്തിന്റെ അത്ഭുതപ്രവർത്തികളെപ്പറ്റി ആരായുകയും ചെയ്യും. കുട്ടികൾക്ക് പേടകത്തിൽ പറക്കുമ്പോൾ ഒരു 'പൊട്ടിത്തെറി' അനുഭവപ്പെടും, ശൂന്യാകാശവാഹനം തിരിഞ്ഞ് ഉല്ക്കകളെ ഒഴിവാക്കുമ്പോഴുണ്ടാകുന്ന തിരിച്ചിലും മറിച്ചിലും പോലെ കുട്ടികൾ ഇടത്തോട്ടും വലത്തോട്ടും തിരിയുമ്പോൾ അത് സംഭവിക്കും. ടേക്ക്-ഓഫിനും ലാൻഡിംഗിനും വേണ്ടിയുള്ള ഓഡിയോ ട്രാക്കുകൾ കുട്ടികളുടെ ഭാവനയെ യാഥാർത്ഥ്യമാക്കും, അതോടൊപ്പം ദിവസേനയുള്ള സ്കിറ്റും ക്യാപ്റ്റനും അദ്ദേഹത്തിന്റെ സഹായിയായ യന്ത്രമനുഷ്യനും ഉായിരിക്കും.

ഓരോ ദിവസവും നിങ്ങൾ കുട്ടികളുമൊത്ത് ചന്ദ്രനിലോ, ഒരു നക്ഷത്രത്തിലോ, ഒരു ഗ്രഹത്തിലോ ഉള്ള ശൂന്യാകാശ സ്റ്റേഷനിലേക്ക് യാത്രയാവും, അവിടെ അവർ മോശെയുടെ ജീവിതത്തിൽ നിന്നും, ദൈവത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പഠിക്കും. എല്ലാവരും ഒന്നിച്ച് പാട്ടുകൾ പാടി, ആക്ഷൻ സോംഗുകൾ പരിശീലിച്ച് ഈ പ്രോഗ്രാം ആസ്വദിക്കുക തന്നെ ചെയ്യും.

"ബ്രിഡ്ജിലെ (വലിയ ഗ്രൂപ്പിലെ) സമയം അവസാനിക്കുമ്പോൾ കുട്ടികൾ തങ്ങളുടെ പ്രായഭേദമനുസരിച്ചുള്ള ക്ലാസുകളായി തിരിഞ്ഞ് ശൂന്യാകാശപേടകത്തെ വലംവയ്ക്കും. തുടർന്ന് അവർ തങ്ങളുടെ കേഡറ്റ് ക്ലാസുകളിലേക്ക് പോകുകയും വർക്കുബുക്കുകൾ ഉപയോഗിക്കുകയും പാഠങ്ങൾ വിശകലനം ചെയ്യുകയും ചെയ്യും. തുടർന്ന് അവർ തങ്ങളുടെ കളിപ്പാട്ടങ്ങൾ ഉപയോഗിക്കുകയും ഭക്ഷണശാലയിൽ പോയി ലഘുഭക്ഷണം കഴിക്കുകയും അന്നത്തെ പാഠത്തിനുവേണ്ടിയുള്ള കാര്യങ്ങൾ പഠിക്കുകയും ചെയ്യും. ഈ ചെറിയ ഗ്രൂപ്പുകളിൽ, നിങ്ങളുടെ കുട്ടികൾ പരസ്പരം പരിചയപ്പെടുകയും, അവരുടെ അദ്ധ്യാപകരെ പരിചയപ്പെടുകയും ആ ഒരു വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സുഹൃദ്ബന്ധം സ്ഥാപിക്കുകയും ചെയ്യും.

ചില രസാവഹമായ സ്പേയ്സ് ഗയിമുകൾക്കായി കുട്ടികളെ തിരികെ "ബ്രിഡ്ജി"ലേക്ക് (വലിയ ഗ്രൂപ്പിലേക്ക്) വിളിക്കുവാൻ എളുപ്പമാണ്. 'ഗാലക്സി എക്സ്പ്രസ്' എന്ന പുതിയ സി.ഡി.യിലെ ചില പാട്ടുകൾ, പ്രാർത്ഥന എന്നിവയ്ക്കുശേഷം ആ ദിവസത്തെ പ്രോഗ്രാം അവസാനിപ്പിക്കുക, അതോടാപ്പം കുട്ടികളെ അടുത്ത ദിവസത്തെ വി.ബി.എസ്സിനായി വിളിക്കുന്ന കാര്യം മറക്കരുത്!

ഈ അവധിക്കാല ബൈബിൾ സ്കൂൾ ശരിക്കും നിങ്ങൾക്ക് ആസ്വാദ്യകരമാകുമെന്ന് ഞാൻ ആശിക്കുന്നു... നിങ്ങൾ കൂടുതൽ ക്രിയാത്മകമായ കാര്യങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തി, ഇത് "ഈ ലോകത്തിനപ്പുറത്തുള്ളത്" ആക്കും എന്നെനിക്കറിയാം!

സിസ്റ്റർ ക്രിസ്റ്റിന ക്രൗസ്



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# വിഷയവിവരപ്പട്ടിക


| | |
|---|---|
| ആമുഖം | 1 |
| ക്രഡിറ്റുകൾ | 2 |
| പൊതുവീക്ഷണം | 3 |
| ഈ സാമഗ്രികൾ ഉപയോഗിക്കുന്നതെങ്ങനെ | 5 |
| കൂടുതൽ ആശയങ്ങൾ | 9 |
| പാഠം 1 | 11 |
| പാഠം 2 | 15 |
| പാഠം 3 | 19 |
| പാഠം 4 | 23 |
| പാഠം 5 | 27 |
| പാട്ടുകൾ | 31 |
| ഫോട്ടോകോപ്പി എടുക്കാനുള്ള വിഭവങ്ങൾ | 35 |
| ഓൺലൈനിൽ മുഴുവൻ പ്രോഗ്രാമും സൗജന്യമായി | 37 |


കുട്ടികൾ പ്രാധാന്യമുള്ളവർ

## കുട്ടികൾ പ്രാധാന്യമുള്ളവർ

www.ChildrenAreImportant.com


ഈ പഠനസാമഗ്രി  ഗാലക്സി എക്സ്പ്രസ് "രവശഹററൃലി മൃല ശാുീൃമേിേ" എന്ന സംഘടന തയ്യാറാക്കിയതാണ്, തന്മൂലം അതിന്റെ എല്ലാ അവകാശങ്ങളും ഞങ്ങളിൽ അധിഷ്ഠിതമാണ്. ബാധ്യതകളൊന്നും കൂടാതെ സഭകൾക്കും മറ്റു സുവിശേഷ സംഘടനകൾക്കും ഞങ്ങളുടെ പഠനസാമഗ്രികൾ സൗജന്യമായി ഡൗൺലോഡു ചെയ്യുകയും, ഉപയോഗിക്കുകയും, അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.


ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാനാണ് നിങ്ങൾ ഇവിടെ ആയിരിക്കുന്നത്; നിങ്ങളെ സഹായിപ്പാനായി ഞങ്ങളും!


കൂടുതൽ വിവരങ്ങൾക്ക്, വിളിക്കുക/സമീപിക്കുക:
info@ChildrenAreImportant.com അല്ലെങ്കിൽ 525929249041




എല്ലാ ബൈബിൾ വാക്യങ്ങളും ചകഢയിൽ നിന്നും ൽ നിന്നുമാണ് എടുത്തിട്ടുള്ളത്.

എല്ലാ ടീം അംഗങ്ങൾക്കും നന്ദി!

എഡിറ്റർ: ക്രിസ്റ്റിനാ ക്രൗസ്സ്
ക്രിയാത്മക ടീം അംഗങ്ങൾ: ഡിറ്റ് ക്രൗസ്സ്, മൈക്ക് കാംഗാസ്, സുകി കാംഗാസ്, വിക്കി കാംഗാസ്
Printed in Mexico (മെക്സിക്കോയിൽ പ്രിന്റ് ചെയ്തത്. )

# നാവിഗേഷൻ പാനൽ

പൊതുവായ വീക്ഷണം















| | | |
|---|---|---|
| ദൈവത്തെ വിളിച്ചപേക്ഷിക്കുക!<br>മോശെയുടെ ജനനം<br>ദൈവം<br>വലിയവനാണ് | ഈ പാഠത്തിനിടെ,ഓരോ പ്രാവശ്യവും കുട്ടികൾ 'ദൈവത്തെ വിളിച്ചപേക്ഷിക്കുക' എന്നു കേൾക്കുമ്പോൾ,അവർ തങ്ങളുടെ കരങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തിക്കൊണ്ട് ' കർത്താവേ എന്നെ സഹായിക്കണേ'എന്നു പറയുകയും മുകളിലോട്ട് ചാടുകയും ചെയ്യണം | "ഞാൻ യഹോവയോട് ഉച്ചത്തിൽ നിലവിളിക്കുന്നു, അവൻ തന്റെ വിശുദ്ധപർവ്വതത്തിൽ നിന്ന് ഉത്തരം അരുളുകയും ചെയ്യുന്നു." സങ്കീ. 3:4 |
| ദൈവത്തോടു പ്രതികരിക്കുക!<br>കത്തുന്ന മുൾപ്പടർപ്പ്<br>ദൈവം<br>വിസ്മയവാനാണ് | ഈ പാഠത്തിനിടെ ഓരോ പ്രാവശ്യവും കുട്ടികൾ 'ദൈവത്തോടു പ്രതികരിക്കുക.' എന്നു കേൾക്കുമ്പോൾ , അവർ തങ്ങളുടെ കരം തങ്ങളുടെ ചെവിയിൽ ഇട്ടുകൊണ്ട് 'അതേ കർത്താവേ'എന്നു പറഞ്ഞു പ്രതികരിക്കണം. തുടർന്നു, 'അടിയൻ ഇതാ' എന്നു പറഞ്ഞുകൊണ്ട് അവർ ഒരു പട്ടാളക്കാരനേപ്പോലെ തങ്ങളുടെ കാലുകൾ ചേർത്തുവയ്ക്കണം. | "അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്: അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ എന്നു പറഞ്ഞു" യെശയ്യാവ് 6:8 |
| ദൈവത്തെ അനുസരിക്കുക!<br>ഈജിപ്റ്റിലെ (മിസ്രയീമിലെ) ബാധകൾ<br>ദൈവം<br>അത്ഭുതവാനാണ് | ഈ പാഠത്തിനിടയ്ക്ക് കുട്ടികൾ, 'ദൈവത്തെ അനുസരിക്കുക' എന്ന് കേൾക്കുമ്പോഴെല്ലാം, 'എനിക്ക് മാററം സംഭവിക്കണം' എന്നു പറഞ്ഞു കൊണ്ട് കുട്ടികൾ പ്രതികരിക്കുകയും, അതോടൊപ്പം അവർ എഴുന്നേറ്റ് ചുററും മാർച്ചു ചെയ്തുകൊണ്ട് ഓരോരുത്തരും മറ്റൊരു കുട്ടിയുമായി ഇരിപ്പിടം മാറുകയും ചെയ്യുന്നു | "അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു" 1 യോഹന്നാൻ 3:24 |
| ദൈവത്തിനായി കാത്തിരിക്കുക!<br>പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും<br>ദൈവം<br>അതിഗംഭീരവാനാണ് | ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും വിദ്യാർത്ഥികൾ 'ദൈവത്തിനായി കാത്തിരിക്കുക' എന്നു കേൾക്കുമ്പോൾ,വിദ്യാർത്ഥികൾ ഞാൻ തയ്യാർ എന്നു പറഞ്ഞുകൊണ്ട് മുൻപോട്ട് ചാടുകയും, ഗുസ്തിമത്സരത്തിലെപ്പോലെ നീങ്ങുകയും ചെയ്യണം,അതിനുശേഷം അവർ തങ്ങളുടെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട്,'പക്ഷേ ഞാൻ കാത്തിരിക്കണം'എന്നു പറഞ്ഞുകൊണ്ട് താഴെ ഇരിക്കണം. | "യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ" യെശ. 30:18 |
| ദൈവത്തെ ആരാധിക്കുക!<br>ചെങ്കടൽ കടക്കുന്നത്<br>ദൈവം<br>ഭയങ്കരനാണ് | ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും കുട്ടികൾ 'ദൈവത്തെ ആരാധിക്കുക' എന്നു കേൾക്കുമ്പോൾ, അവർ തങ്ങളുടെ കരങ്ങൾ വായുവിൽ മുകളിലേക്ക് ഉയർത്തി പുറകോട്ടും മുൻപോട്ടും ആട്ടിക്കൊണ്ട്, 'ഞാൻ അങ്ങയെ ആരാധിക്കുന്നു' എന്ന് പറഞ്ഞു കൊണ്ട് ദൈവത്തോട് പ്രതികരിക്കുകയും ചെയ്യണം. | "യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ വിശുദ്ധമന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ" സങ്കീ. 150:1 |



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

| ഭക്ഷണമുറി | കേഡറ്റ് ക്ലാസ് | എഞ്ചിനീയറിംഗ് | ശൂന്യാകാശ ഗയിമുകൾ |
|---|---|---|---|
| യന്ത്രമനുഷ്യൻ<br><br>ടെലിസ്കോപ്പുകൾ |  | മോശ ഒരു കുട്ടയിൽ (പെട്ടകത്തിൽ)<br> | പദം രൂപികരിക്കുക<br>രുചിമത്സരം |
| കത്തുന്ന മുൾപ്പടർപ്പ്<br><br>അത്ഭുതകരമായ വലിപ്പംയഴശ്ലമഖ. |  | കത്തുന്ന മുൾപ്പടർപ്പ്<br> | വെള്ളംകുടി ഓട്ടമത്സരം<br>ഏത്തപ്പഴം തീറ്റി മത്സരം |
| ബാധകൾ<br><br>ചലനം |  | നിങ്ങളുടെ ചെരിപ്പ് അഴിച്ചുമാററുക.<br> | രസകരമായ ശബ്ദ സംവിധാനങ്ങൾ<br>ഒട്ടുന്ന തല |
| മേഘ സ്തംഭങ്ങൾ<br><br>ശൂന്യാകാശപേടകങ്ങൾ |  | ഗ്യാലക്സി എക്സ്പ്രസ്സ് റോക്കറ്റ്<br> | നൂഡിൽ ജോസ്റ്റിംഗ്<br>ഒരു പിരമിഡ് നിർമിക്കുക |
| ചെങ്കടൽ കടക്കുന്നത്<br><br>സൂപ്പർനോവകൾ |  | ചെങ്കടൽ<br> | മെസ്സി മാർഷ്മെല്ലോ ഡ്രോപ്പ്<br>കേക്ക് മത്സര ഓട്ടം |



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# ഈ പഠനസാമഗ്രികൾ ഉപയോഗിക്കുന്നതെങ്ങനെ?

## ലളിതമായ വിബിഎസ്

ഇതാ നിങ്ങളുടെ കയ്യിൽ വളരെ ലളിതവും, പ്ലാൻ ചെയ്യാൻ എളുപ്പമുള്ളതും, പ്രാവർത്തികമാക്കുവാൻ അനായാസമായ ഒരു വിബിഎസ്, ഒരു ദിവസം നിശ്ചയിക്കുക, ചില സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിക്കുക, ആളുകളെ ക്ഷണിക്കുന്നതിനുള്ള ചില പോസ്റ്ററുകൾ നിങ്ങളുടെ പ്രദേശത്ത് ഒട്ടിക്കുക, വിബിഎസിനായി നിങ്ങൾ ഒരുങ്ങിക്കഴിഞ്ഞു!

സ്റ്റാഫ് അംഗങ്ങൾ കൂടുതൽ ഉണ്ടെങ്കിൽ, എല്ലാവരെയും പങ്കെടുപ്പിക്കുന്നതുമൂലം നിങ്ങളുടെ വിബിഎസ് പ്രോഗ്രാം കൂടുതൽ രസകരമാക്കാം. തന്മൂലം എല്ലാവരെയും ഉൾപ്പെടുത്തുന്നതിനായി ഞങ്ങൾ ഇതിന്റെ പ്രവർത്തനം രണ്ടു വ്യത്യസ്ത പങ്കുകളായി തിരിച്ചിരിക്കുന്നു.

നിങ്ങളുടെ വിബിഎസിന്റെ ഭാരിച്ച ജോലിയെ തരം തിരിക്കുന്നതിന് ഇതാ ചില ആശയങ്ങൾ:
വിബിഎസ് ഡയറക്ടർ 1
സോംഗ് ലീഡർ 1
പ്രധാന പാഠത്തിന്റെ പ്രസംഗകൻ –1
നാടകത്തിൽ അഭിനയിക്കുന്നവർ –2 (ക്യാപ്റ്റനും റോബോട്ടും)
ക്ലാസ് കോ ഓർഡിനേറ്റർ 1
(കുട്ടികളുടെ പുസ്തകങ്ങളും കഴിഞ്ഞ പാഠങ്ങളും വിശകലനം ചെയ്യുന്നതിന്)
കളിപ്പാട്ടത്തിന്റെ കോ ഓർഡിനേറ്റർ 1
ലഘുഭക്ഷണത്തിന്റെ കോ ഓർഡിനേറ്റർ 1
കുട്ടികളുടെ കോ ഓർഡിനേറ്റർ–1
നിങ്ങളുടെ വിബിഎസിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഓരോ ചെറിയ ഗ്രൂപ്പിലേക്കുള്ള ലീഡേഴ്സ് 6–10.

## നാടകങ്ങൾ/ ചിത്രങ്ങൾ (രൂപരേഖകൾ)

ഗാലക്സി എക്സ്പ്രസ് എന്ന് നാമകരണം ചെയ്തിരിക്കുന്ന ശൂന്യാകാശപേടകത്തിൽ ക്യാപ്റ്റൻ തന്റെ സഹായിയായ യന്ത്രമനുഷ്യനുമൊത്ത് വിബിഎസിന്റെ ഓരോ ദിവസവും കുട്ടികളുമായി യാത്ര തിരിക്കുന്നതാണ്.
ശൂന്യാകാശപേടകത്തിന്റെ ഉത്തരവാദിത്വം ഉള്ളതിനാലും, കുട്ടികൾ ഒരാഴ്ചക്കാലം നടത്തപ്പെടുന്ന വിബിഎസിൽക്കൂടെ ആത്മിക നന്മകൾ പ്രാപിക്കണമെന്നതിനാലും നിങ്ങളുടെ ക്യാപ്റ്റൻ ഗൗരവമുള്ള ഒരു വ്യക്തിയായിരിക്കും. തന്റെ സഹായിയായ യന്ത്രമനുഷ്യനെ അദ്ദേഹം പ്രേക്ഷകർക്ക് പരിചയപ്പെടുത്തിക്കൊടുക്കും: ബലം കുറഞ്ഞ, ചിലപ്പോൾ നന്നായി പ്രവർത്തിക്കുവാൻ കഴിയാത്ത ഒരു യന്ത്രമനുഷ്യൻ. അത് സംസാരിക്കുന്ന ചില സന്ദർഭങ്ങളിൽ വിക്കിവിക്കി പറയുകയും വ്യക്തമായി സംസാരിക്കുന്നതിനുപകരം അവ്യക്തമായ ശബ്ദങ്ങൾ പുറപ്പെടുവിപ്പിക്കുകയും ചെയ്യും. അതിന് ചലിച്ചുകൊണ്ടിരിക്കണമെങ്കിൽ, അതിന്റെ ജോയിന്റുകളിൽ എപ്പോഴും എണ്ണ ഒഴിച്ചുകൊടുക്കണം.
ഓരോ ദിവസവും അന്നന്നത്തേക്ക് ചെയ്യേണ്ടിയ കാര്യങ്ങൾ ക്യാപ്റ്റനും യന്ത്രമനുഷ്യനും ചേർന്ന് കുട്ടികളെ ബോധിപ്പിക്കും. അതോടോപ്പം, കുട്ടികൾ ഓരോ പ്രാവശ്യവും അതു കേൾക്കുമ്പോൾ പ്രതികരിക്കേണ്ടതെങ്ങനെയെന്നും അവർ കുട്ടികളോടു പറയും.
ഓരോ ദിവസവും വിബിഎസ് ആരംഭിക്കുന്ന സമയത്താണ് ലഘുനാടകത്തെപ്പറ്റിയുള്ള (skit) ആശയങ്ങൾ നൽകുന്നത്, എന്നാൽ ആ ആശയങ്ങൾ പറഞ്ഞ് ക്ലാസ് അവസാനിപ്പിക്കുകയും ചെയ്യും, അല്ലെങ്കിൽ അത് പങ്കെടുക്കുന്നവർക്ക് കളികളിൽ ഏർപ്പെടുകയോ, ചുറ്റികറങ്ങി ക്ലാസുകൾ സന്ദർശിക്കുകയും ചെയ്യാം. പേടകത്തിന്റെ ക്യാപ്റ്റനെയും യന്ത്രമനുഷ്യനെയുംപറ്റി കൂടുതൽ അറിയുന്നത് കുട്ടികൾ ഇഷ്ടപ്പെടും.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# പട്ടിക

(2½ – മണിക്കൂർ പ്രോഗ്രാം)

## പൊട്ടിത്തെറി!

പാലം

(പാട്ടുകൾ–20 min)
(പ്രാരംഭ നാടകം– 10 min)

## ദൗത്യനിയന്ത്രണ കേന്ദ്രത്തിൽ അത്യാവശ്യമായി...

പ്രധാന പാഠവും
മനഃപാഠവാക്യവും– 20 മിനിറ്റ്)

...സ്റ്റേഷനുകളിലേക്ക്...

ഭക്ഷണമുറി

ഭക്ഷണശാല
(ലഘുഭക്ഷണ
സ്റ്റേഷനുംശൂന്യാകാശ
ഉപയോഗങ്ങളും)

സ്റ്റേഷനുകൾ,
20 മിനിറ്റ്

എഞ്ചിനീയറിംഗ്

എഞ്ചനീയിംഗ്
(കരകൗശലകേന്ദ്രം)

കേഡറ്റ് ക്ലാസ്

കേഡറ്റ് ക്ലാസുകൾ
(കുട്ടികളുടെ
പുസ്തകവും)

... തിരികെ വലിയ ഗ്രൂപ്പിലേക്ക്...

പാലം

## ശൂന്യാകാശ ഗയിമുകൾ

(കളികൾ– 30 മിനിറ്റ്)

## കേഡറ്റുകളെ തിരികെ അയയ്ക്കുന്നു.

(സമാപന ഗാനവും അറിയിപ്പുകളും
–10 മിനിറ്റ്).

# കളികൾ.

എല്ലാ കുട്ടികളും ഉൾപ്പെടുന്ന ഒരു വലിയ ഗ്രൂപ്പിൽ, കുട്ടികളെ പല ടീമുകളായി തിരിച്ചാണ് ഈ പ്രോഗ്രാമിലെ കളികൾ കളിക്കുന്നത് (നിങ്ങൾക്ക് 2 മുതൽ 4 വരെ ടീമുകൾ ഉണ്ടാവാം). ഇതിൽ ഏറ്റവും എളുപ്പമായുള്ളത് ആൺകുട്ടികൾ പെൺകുട്ടികൾക്കെതിരെ മത്സരിക്കുന്ന കളിയാണ്. ഓരോ കളിയിലും, ടീമുകൾ ചില വോളണ്ടിയർമാരെ തങ്ങളുടെ ടീമിനെ പ്രതിനിധാനം ചെയ്യുന്നതിനായി അയ്ക്കുമ്പോൾ തന്നെ, ടീമിലുള്ള മറ്റംഗങ്ങൾ തങ്ങളുടെ കസേരകളിൽ ഇരുന്നുകൊണ്ട് ഒച്ചവയ്ക്കുകയും, ആഹ്ലാദം പ്രകടിപ്പിക്കുകയും ചിരിക്കുകയും ചെയ്യും. തന്മൂലം കുട്ടികൾക്ക് ബോറടിക്കില്ലെന്ന് മാത്രമല്ല, വോളണ്ടിയർമാരെ മാറ്റിക്കൊണ്ട്, ചുരുങ്ങിയ സമയങ്ങളിലായി അവർക്ക് വിവിധങ്ങളായ പല ഗയിമുകൾ കളിക്കുകയും ചെയ്യാം. ഗയിമുകളിൽ മുന്നിൽ നിന്ന് പങ്കെടുക്കുന്നതിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു ആശയം, നിങ്ങളുടെ വിബിഎസിന്റെ മറ്റുള്ള പ്രവർത്തനങ്ങളിൽ ഏറ്റവും നന്നായി പെരുമാറുന്ന കുട്ടികളെ കണ്ടുപിടിക്കുക എന്നുള്ളതാണ്. അവർ കളികളിൽ ഏർപ്പെടണം എന്നു സൂചിപ്പിക്കുന്ന എന്തെങ്കിലും അവർക്കു നല്കുക. ഇത് അവരുടെ കഴുത്തിൽ തൂക്കിയിടാനുള്ള എന്തെങ്കിലുമോ, അവരുടെ കൈപ്പത്തിയ്ക്ക് സമീപം കെട്ടുവാനുള്ള എന്തെങ്കിലുമോ, അവരുടെ പോക്കറ്റിൽ വയ്ക്കാനുള്ള കാർഡോ ആകാം.
ഓരോ ഗയിമിനും മുൻപായി നിങ്ങൾക്ക് എത്രത്തോളം തയ്യാറെടുപ്പ് നടത്തുവാൻ കഴിയുമോ, അത്രത്തോളം ആ ഗയിം മെച്ചപ്പെട്ടിരിക്കും. നിങ്ങൾ ഈ ഗയിമുകൾ തയ്യാർ ചെയ്യുമ്പോൾ, ടെലിവിഷനിൽ കാണുന്ന "ഗയിം ഷോ" അല്ലെങ്കിൽ "നിക്കെലോഡെയോൺ"എന്ന ഗയിമുകളെപ്പറ്റി ചിന്തിക്കുക. ഈ ഗയിമുകൾ കളിക്കുമ്പോൾ, കുട്ടികൾക്കായി ചില തിളക്കമുള്ള പ്രദർശന വസ്തുക്കളോ, ഗയിം സമയത്തേക്ക് ശബ്ദത്തിന്റെ സജ്ജീകരണങ്ങളോ, രസകമായ ചില അലങ്കാരങ്ങളോ ഉപയോഗിക്കാവുന്നതാണ് (ഗയിം കളിക്കുന്ന സമയത്ത് ഉപയോഗിക്കുന്നതിനുള്ള പാട്ട് ഗാലക്സി എക്സ്പ്രസ് സിഡിയിൽ ഞങ്ങൾ നല്കിയിട്ടുണ്ട്. നിങ്ങളുടെ വിബിഎസിന് യഥാർത്ഥമായും രസം പകരുന്ന ചില ചിലവുകുറഞ്ഞതായ കാര്യങ്ങൾ ചെയ്യുക. അതുകൊണ്ട് ചില രസാവഹമായ കാര്യങ്ങൾക്കായി തയ്യാറാവുക!

## ചുറ്റിക്കറങ്ങുന്ന സ്റ്റേഷനുകൾ

ഓരോ ദിവസത്തിന്റെയും മധ്യത്തിൽ, കുട്ടികൾ മൂന്നു ഗ്രൂപ്പുകളായി തിരിഞ്ഞ് സ്റ്റേഷനുകളിൽക്കൂടി ചുറ്റിക്കറങ്ങുന്നു: ഭക്ഷണശാല (ലഘുഭക്ഷണവും ശൂന്യാകാശ ഉപയോഗങ്ങളും), എഞ്ചിനീയറിംഗ് (കരകൗശല വസ്തുക്കൾ), കേഡറ്റ് ക്ലാസ് (കുട്ടികളുടെ പുസ്തകങ്ങളും പാഠങ്ങളുടെ അവലോകനവും) എന്നിവയാണിവ. ഈ സ്റ്റേഷനുകളെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ അടുത്തപേജിൽ വായിക്കുക.

# ചുറ്റിക്കറങ്ങുന്ന സ്റ്റേഷനുകൾ




## ഭക്ഷണമുറി

## ലഘുഭക്ഷണ സ്റ്റേഷൻ

ലഘുഭക്ഷണം എങ്ങനെ തയ്യാറാക്കണം എന്നുള്ള നിർദ്ദേശം നിങ്ങൾക്കിവിടെ കാണാം. കുട്ടികൾ തങ്ങൾ ഭക്ഷിക്കാൻ പോകുന്ന ലഘുഭക്ഷണം കളിപ്പാട്ടത്തിന്റെ മാതൃകയിൽ നിർമ്മിക്കുന്നതിന് അവർക്ക് കൗതുതമായിരിക്കും എന്നുള്ള കാര്യം മനസ്സിൽ സൂക്ഷിക്കുക. അതിനുശേഷം, കുട്ടികൾ തന്നെത്താൻ അവരവരുടെ കരങ്ങൾ വൃത്തിയാക്കണമെന്നുള്ളത് അവരെ പഠിപ്പിക്കുവാനുള്ള അവസരം നഷ്ടമാക്കരുത്.

### ഊഹാപോഹം

('ശൂന്യാകാശയാത്ര'യുടെ ഉപയോഗത്തെപ്പറ്റി ലഘുഭക്ഷണവേളയിൽ ചർച്ചചെയ്യാവുന്നതാണ്).

ലഘുഭക്ഷണ സമയത്ത്, 'ശൂന്യാകാശയാത്ര'യുടെ ഉപയോഗത്തെപ്പറ്റിയും, അത് കുട്ടികളുടെ പാഠവുമായിട്ടും അവരുടെ ദൈനംദിന ജീവിതവുമായിട്ടും എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നും കുട്ടികളുമായി ചർച്ച ചെയ്യുക. ലഘുഭക്ഷണത്തെപ്പറ്റിയും 'ശൂന്യാകാശയാത്ര'യെയും പറ്റിയുള്ള വിവരങ്ങൾ ഭക്ഷണശാലാ ലീഡറിന്റെ ലഘുലേഖയിലും കാണാവുന്നതാണ്.

## എഞ്ചിനീയറിംഗ്





## കളിപ്പാട്ടത്തിന്റെ സ്റ്റേഷൻ

നിർദ്ദിഷ്ട മാതൃകകളും നിർദ്ദേശങ്ങളും അടങ്ങിയ, കരകൗശല വസ്തുവിന്റെ ഒരാശയം നിങ്ങൾക്കിവിടെ ലഭ്യമാണ്. ഗാലക്സി എക്സ്പ്രസ് വിബിഎസിലെ കരകൗശല വസ്തുക്കളെല്ലാം തന്നെ, ഒരു കളിപ്പാട്ടത്തിന് ഒരു ഷീറ്റ് പേപ്പർ എന്ന നിലയിൽ, സാമ്പത്തിക ചിലവ് ഏറ്റവും കുറഞ്ഞ നിലയാണ്, ഡിസൈൻ ചെയ്തിരിക്കുന്നത്. ഓൺലൈനായി അതിന്റെ മാതൃകകൾ ഡൗൺലോഡ് ചെയ്ത്, ഈ ഡയറക്ടേഴ്സ് മാന്വലിൽ നിന്നും, എഞ്ചിനീയറിംഗ് ലീഡറുടെ ലഘുലേഖയിൽ നിന്നും ഫോട്ടോകോപ്പി ചെയ്യുന്നതിനുള്ള മാതൃകകളും കാണുക.

# പ്രവർത്തനനിരതരായി ജീവിക്കൂ!

ഓരോ ദിവസവും, കുട്ടികൾ അന്നന്നത്തേക്കുവേണ്ടിയ ആശയം പഠിക്കും, അതോടൊപ്പം ആംഗ്യത്തോടുള്ള പ്രതികരണവും. ഈ പ്രവർത്തനം വളരെ പ്രാധാന്യമുള്ളതാണ് കാരണം, പ്രധാന സന്ദേശത്തിന്റെ സമയത്ത് കുട്ടികൾക്ക് ബോറടിക്കില്ലെന്ന് മാത്രമല്ല, ഇത് നിങ്ങളുടെ വിബിഎസിനെ മുഴുവൻ, പ്രത്യേകതയുള്ളതാക്കി മാറ്റുകയും ചെയ്യും. നിങ്ങളുടെ വിബിഎസിൽ ആദിയോടന്തം എപ്പോഴെങ്കിലും, ലീഡർ അന്നത്തേക്കുള്ള ആശയം (പദസഞ്ചയം) പറയുമ്പോൾ, കുട്ടികൾ അതിനുള്ള പ്രതികരണവും അതോടൊപ്പമുള്ള ആംഗ്യവും അറിഞ്ഞിരിക്കേണം. ക്യാപ്റ്റനോടും യന്ത്രമനുഷ്യനോടുംകൂടെയുള്ള നാടകത്തിന്റെ സമയത്ത് കുട്ടികൾ അത് പഠിക്കുന്നതാണ്, എന്നാൽ ആ ദിവസത്തിൽ ഏത് സമയത്തും നിങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.




## കേഡറ്റ് ക്ലാസ്

## കുട്ടികൾ പുസ്തകങ്ങളും പാഠങ്ങളും പുനരവലോകനം ചെയ്യുന്ന സ്റ്റേഷൻ

കുട്ടികളുടെ പുസ്തകങ്ങളും പുനരവലോകന കേന്ദ്രവും ഇവിടെ നിങ്ങൾ കാണുന്നത്, ചില ബൈബിൾ കഥകളിലെ ചില താക്കോൽ പദങ്ങൾ 'അടയാളഭാഷ'യിലാണ്. അടയാളഭാഷ'യിലെ ഈ പദങ്ങൾ പഠിപ്പിച്ചുകൊണ്ട്, ബൈബിൾ കഥ പുനരവലോകനം ചെയ്യുക. കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്തുകൊണ്ട്, ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിന് ആരെയെങ്കിലും ഒരാളെ സഹായിക്കുക. കേഡറ്റ് ക്ലാസ് ലീഡറിന്റെ ലഘുലേഖയിലും ഈ വിവരം ചേർത്തിട്ടുണ്ട്.





www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam



പലപ്പോഴും തീരെ അവഗണിക്കപ്പെട്ടതും, ഏറ്റവും കുറച്ച് പണം മാറ്റിവയ്ക്കുന്നതും, എന്നാൽ ഏറ്റവും കൂടുതൽ പ്രയോജനമുള്ളതുമായ ശുശ്രൂഷയാണ് കുട്ടികളുടെ ഇടയിലുള്ള ശുശ്രൂഷ. എന്നിരുന്നാലും യേശുവിനെക്കുറിച്ച് കേൾക്കുന്നതിന് ഇനിയും ലക്ഷക്കണക്കിന് കുട്ടികൾ കാത്തിരിക്കുന്നുണ്ട്.

**അക്കാരണത്താലാണ് കുട്ടികുടെ ഇടയിലുള്ള പ്രവർത്തനങ്ങൾക്കായി, നൂതനവും പൂർണ്ണവും പ്രയോജനപ്രദവുമായ സൺഡേസ്കൂൾ, വിബിഎസ് പാഠപദ്ധതികൾ, പരിശീലന സാമഗ്രികൾ എന്നിവ തയ്യാറാക്കുന്നതിനായി ഞങ്ങൾ ഞങ്ങളുടെ വിലപ്പെട്ട സമയവും വിഭവങ്ങളും വിനിയോഗിക്കുന്നത്.**

ലാറ്റിൻ അമേരിക്കയിലെ പ്രവർത്തനങ്ങൾക്കുവേണ്ടി സ്പാനിഷ് ഭാഷയിൽ ഞങ്ങൾ താഴെപ്പറയുന്ന പഠനസാമഗ്രികൾ തയ്യാറാക്കിക്കഴിഞ്ഞു.

- 7 വർഷത്തേക്കുള്ള സൺഡേസ്കൂൾ പാഠപദ്ധതി
- 7 വിബിഎസ് പാഠപദ്ധതി
- പാട്ടുകൾക്കും ഡാൻസുകൾക്കുമുള്ള നിർദ്ദേശങ്ങൾ അടങ്ങിയ 14 ഡിവിഡികൾ
- 23 പാട്ടു സിഡികൾ
- പരിശീലനം നല്കുന്നതിനുള്ള പുസ്തകങ്ങളും വിഡിയോകളും
- മൂവീ ക്യാമ്പുകൾ
- ഈസ്റ്റർ, ക്രിസ്തുമസ് പ്രോഗ്രാമുകൾ
- കളിപ്പാട്ടങ്ങളും നിറംകൊടുക്കുന്നതിനുള്ള പുസ്തകങ്ങൾ

**വിബിഎസ്, സണ്ടേസ്കൂൾ പാഠപദ്ധതികൾ, അദ്ധ്യാപക പരിശീലന സാമഗ്രികൾ എന്നിവ ഉൾപ്പെടുത്തി, ഈ വർഷം ഞങ്ങൾ ഞങ്ങളുടെ പ്രവർത്തനം ഇന്ത്യയിലേക്കും വ്യാപിപ്പിക്കുന്നുണ്ട്.**

കുട്ടികൾ പ്രാധാന്യമുള്ളവരാണ് എന്ന് ഞങ്ങൾ വിശ്വസിക്കുന്നതിനാലാണ് ഞങ്ങൾ ഇതെല്ലാം ചെയ്യുന്നത്.



# കുട്ടികൾ പ്രാധാന്യമുള്ളവർ

## www.ChildrenAreImportant.com

ബാധ്യതകളൊന്നും കൂടാതെ സഭകൾക്കും മറ്റു സുവിശേഷ സംഘടനകൾക്കും ഞങ്ങളുടെ പഠനസാമഗ്രികൾ സൗജന്യമായി ഡൗൺലോഡു ചെയ്യുകയും, ഉപയോഗിക്കുകയും, അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്യാവുന്നതാണ്.

* പല ഭാഷകളിൽ പഠന സാമഗ്രികൾ എഴുതുന്നതിനും, അവ പ്രിന്റു ചെയ്യുന്നതിനും, പ്രിന്റു ചെയ്തവ വിതരണം ചെയ്യുന്നതിനും നിങ്ങൾ ഞങ്ങളുമായി പങ്കാളിത്വം ആഗ്രഹിക്കുന്നെങ്കിൽ, ദയവായി ഞങ്ങളെ സമീപിക്കുക. ഞങ്ങൾ നിങ്ങളുമായി സംസാരിക്കുവാൻ താല്പര്യപ്പെടുന്നു. info@childrenareimportant.com

# കൂടുതൽ ആശയങ്ങൾ

എഞ്ചിനീയറിംഗ്

## കൂടുതൽ കരകൗശലവസ്തുക്കൾ



നിറം ചേർത്ത പൊടിയും അല്ലെങ്കിൽ ഗ്ലിറ്റർ (തിങ്ങുന്ന) പൊടിയും പശയും ചേർത്താണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്. ഒരു സൂപ്പർനോവ എന്നപോലെ, സന്തോഷവും പ്രശംസയും നിറഞ്ഞ വിസ്ഫോടനം ഇത് പ്രതിനിധീകരിക്കും! ദൈവം ആരാണെന്നും അവൻ നമുക്കുവേണ്ടി എന്താണ് ചെയ്യുന്നതെന്നും നാം ചിന്തിക്കുമ്പോൾ സന്തോഷത്തിന്റെ ഈ അനുഭവം നമുക്കും ഉണ്ടാകും. ഇങ്ങനെയൊരു അടിക്കുറിപ്പാകാം, "ഞാൻ ദൈവത്തെ ആരാധിക്കും."

കരകൗശല പ്രവൃത്തി: ശൂന്യാകാശത്തുനിന്നും കാണുന്ന ഭൂമിയുടെ ചിത്രം.



1. ഒരു കറുത്ത കൂർമുന (മൂർച്ചയുള്ളമുന)യുള്ള പേനയോ അല്ലെങ്കിൽ വാട്ടർപ്രൂഫ് മാർക്കറോ ഉപയോഗിച്ച് ഒരു കടലാസ് ടവലിന്റെ മദ്ധ്യത്തിൽ ഒരു വലിയ വൃത്തം വരയ്ക്കുക.

2. അതിൽ ഭൂമിയ്ക്ക് നിറം കൊടുക്കുന്നതിനായി കുട്ടികൾക്ക് കട്ടിയുള്ള പച്ച മഷിയുള്ള മാർക്കറുകൾ നല്കുക. അടുത്തതായി നീലമഷിയുള്ള മാർക്കറുകൾ നല്കുക. അടുത്തതായി നീലമഷിയുള്ള മാർക്കറുകൾ ഉപയോഗിച്ച് വെള്ളത്തിന് നിറം കൊടുക്കുക

3. ഇപ്പോൾ കുട്ടികൾ വെള്ളമുപയോഗിച്ച് അതിന് നിറം ചാർത്തുക. ആ വലിയവൃത്തം മുഴുവൻ അവർ ജലാംശമുള്ളതാക്കുകയും, നിറങ്ങൾ തമ്മിൽ സംയോജിക്കുന്നത് ശ്രദ്ധിക്കുകയും ചെയ്യണം.

4. അത് ഉണങ്ങിക്കഴിഞ്ഞാലുടൻ, കുട്ടികൾ കറുത്ത വരയിൽക്കൂടെ അത് മുറിച്ചെടുക്കുകയും, അവരുടെ ഈ കലാസൃഷ്ടിയെ ഒരു കറുത്ത കടലാസിൽ ഒട്ടിക്കുകയും ചെയ്യണം.

## ക്ലാസ് പ്രവർത്തനം



ഓരോ കുട്ടിയും തങ്ങളുടേതായ മേഘങ്ങൾ ഉണ്ടാക്കുകയും, അതിനുശേഷം ഓരോ കുട്ടിയിൽനിന്നുമുള്ള മേഘങ്ങൾ ഉണ്ടാക്കുന്നതിനായി തങ്ങളുടെ ക്ലാസ് മേഘസ്തംഭം നിർമ്മിക്കുന്നു. മേഘങ്ങൾ ഉണ്ടാക്കുകയും, കുട്ടികൾ അത് വരയ്ക്കുകയും, വെട്ടിയെടുക്കുകയും, അതിന്മേൽ ഒരു അലങ്കാരം ഒട്ടിക്കുകയും ചെയ്യണം. (കമ്പോളത്തിൽ നിന്നും ലഭിക്കുന്ന വെളുത്ത പൊടിയോ, അല്ലെങ്കിൽ ഗ്ലിറ്റർപൊടിയോ). അഗ്നിസ്തംഭത്തിനായും അതുപോലെ ചെയ്യുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam



നിങ്ങളുടെ വിബിഎസ് കൂടുതൽ രുചികരമാക്കുന്നതിന് ഈ വസ്തുക്കളുടെ ഉപയോഗം നിങ്ങളുടെ അദ്ധ്യാപകർക്ക് ഏറെ പ്രയോജനകരമായിരിക്കും! 2 – ലിറ്റർ സോഡാ ബോട്ടിലുകൾ ടിൻഫോയിലോ ഗ്രേനിറമുള്ള ടേപ്പോ ഉപയോഗിച്ച് പൊതിയുക. അതോടൊപ്പം ടിഷ്യൂപേപ്പറുകൾ കൊണ്ട് 'തീജ്വാല'കളുടെ ചിത്രങ്ങൾ നിങ്ങളുടെ പിൻവശത്ത് ഘടിപ്പിക്കുന്നതിനായി ചരടുപയോഗിച്ച് കെട്ടുക. "ജറ്റ്പായ്ക്കുകൾ" ധരിച്ച നിങ്ങളുടെ അദ്ധ്യാപകരെ കാണുന്നത് രസാവഹമായിരിക്കും!

നിങ്ങളുടെ വിബിഎസിൽ നിന്നും ലഭിക്കുന്ന ചിത്രങ്ങളെ കുട്ടികൾ ഇഷ്ടപ്പെടും.




ഇവിടെ നിങ്ങൾക്കുപയോഗിക്കാവുന്ന രസകരമായ മറ്റൊരു കരകൗശലവസ്തുവ്! ഒരു വടിയുടെ ഒരു വശം അഗ്നിസ്തംഭമായും മറുവശവും മേഘസ്തംഭമായും അലങ്കരിക്കുക!






## പ്രവർത്തനം: ചന്ദ്രഗർത്തങ്ങൾ

കുട്ടികൾ മാവിന്റെ (പൊടിയുടെ) ഒരു മിശ്രിതം തയ്യാറാക്കുക. അതിനുശേഷം ചെറിയ ചരൽക്കല്ലുകൾ അതിൽ ഇടുക. ഗർത്തങ്ങൾ (കുഴികൾ) രൂപപ്പെടുന്നത് നിരീക്ഷിക്കുക, നിങ്ങളുടെ കൺമുൻപിൽ തന്നെ

മാവിന്റെ മിശ്രിതം: 4 കപ്പ് പൊടിയും കപ്പ് എണ്ണയും.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam


# 1 ദൈവം വലിയവനാണ്

## ദൈവത്തെ വിളിച്ചപേക്ഷിക്കുക!



ശൂന്യാകാശ ത്താവളങ്ങൾ:

നെബുക്കോപിയോ





## പൊട്ടിത്തെറി!




### ആദ്യത്തെ നാടകം

ദൈവത്തിന്റെ മഹത്വം ദർശിക്കുന്നതിനായി നക്ഷത്രസമൂഹങ്ങളിലേക്ക് യാത്ര തിരിക്കുന്ന ഒരാഴ്ച്ചക്കാലത്തെ രസാവഹമായ സാഹസികയാത്രികൾക്കായി ക്യാപ്റ്റൻ കുട്ടികളെ ക്ഷണിക്കുന്നു.അടുത്തതായി, അദ്ദേഹം തന്റെ സഹായിയായ യന്ത്രമനുഷ്യനെ പരിചയപ്പെടുത്തുന്നു. ഇന്ന് ശനിഗ്രഹത്തിലേക്ക് എപ്രകാരം യാത്രതിരിക്കുമെന്നും, അവിടെയുള്ള ശൂന്യാകാശ കേന്ദ്രമായ " നെബുകോപിയോ" യിൽ എപ്രകാരം സന്ദർശനം നടത്തുമെന്നും, അവിടെ നിന്നു ടെലിസ്കോപ്പ് എന്ന ഉപകരണം ഉപയോഗിച്ചുകൊണ്ട് വളരെ വിദൂരതയിലുള്ള സ്ഥലങ്ങൾ എങ്ങനെ കാണുവാൻ സാധിക്കുമെന്നും ക്യാപ്റ്റൻ പറയുന്നു. അതുപോലെ തന്നെ, ഓരോ ദിവസവും ദൈവത്തിന്റെ മാഹാത്മ്യത്തെപ്പറ്റി, വളരെ അത്ഭുതകരമായ, ഒരു പഴയ, പഴയ, പഴക്കം ചെന്ന പുസ്തകമായ ബൈബിളിൽ നിന്നും നേരിട്ട് പഠിക്കുന്നതായിരിക്കും എന്നും ക്യാപ്റ്റൻ പ്രസ്താവിക്കുന്നു. തുടർന്ന്, കുട്ടികൾ ശൂന്യാകാശയാത്രക്കായ് തയ്യാറായിട്ടുള്ളതായി അവരെ കണ്ടിട്ട് തോന്നുന്നില്ല എന്ന്, കുട്ടികളെ ചൊടിപ്പിക്കുന്ന രീതിയിൽ പറഞ്ഞുകൊണ്ട് ,കുട്ടികൾക്ക് വിബിഎസിന്റെ തീം സോംഗ് അവതരിപ്പിക്കുകയും, സഹായിയായ യന്ത്രമനുഷ്യൻ കുട്ടികളെ പാട്ടുപഠിപ്പിച്ച് സജ്ജരാക്കുകയും ചെയ്യുന്നു. അങ്ങനെ പാട്ടുപഠിപ്പിക്കുന്ന ലീഡർ എല്ലാവരെയും മുഖ്യമായ പാട്ടിൽ നേതൃത്വം നൽകിക്കൊണ്ട് " ടേക്ക് ഓഫിനായി" തയ്യാറാകട്ടെ. തീം സോങ്ങിനുശേഷം, ടേക്ക് ഓഫിനും യാത്രക്കുമായി അതിന്റെ ശബ്ദസംവിധാനങ്ങൾ ഉപയോഗിക്കുകയും, യാത്രയിൽ സ്കിററ് (നാടകം) തുടങ്ങുകയും ചെയ്യാം.

ഗാലക്സി എക്സ്പ്രസ് എന്ന ശൂന്യാകാശപേടകം ഒരു കൂട്ടം ഉല്ക്കകളെ അഭിമുഖീകരിക്കുന്നതിനാൽ അവയിലൊന്നുമായി കൂട്ടിയിടിക്കാൻ ഇടവരാതെ രക്ഷപെടുന്നതിനായി അങ്ങോട്ടും ഇങ്ങോട്ടും വെട്ടിച്ചുമാറ്റുന്നു. അപകടകരമായ ഈ യാത്രയിൽ ,ഉൽക്കകളുമായി കൂട്ടിയിടിക്കുമോ എന്ന് ചിന്തിച്ച് യന്ത്രമനുഷ്യൻ വളരെ ഭയംനിറഞ്ഞ മാനസിക അവസ്ഥയിലാണ്.ആയതിനാൽ ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ ക്യാപ്ററൻ അവനെ സഹായിക്കുന്നു.ശ്രോതാക്കളായ കുട്ടികളെ അന്നത്തേക്കുള്ള പദങ്ങളായ " ദൈവത്തെവിളിച്ചപേക്ഷിക്കുക" എന്നത് കുട്ടികളെ ശ്രദ്ധിക്കുവാൻ പഠിപ്പിക്കുന്നതോടൊപ്പം അതുകേൾക്കുന്ന ഉടൻ തന്നെ കുട്ടികൾ തങ്ങളുടെ കരങ്ങൾ ദൈവത്തിങ്കലേക്ക് ഉയർത്തിക്കൊണ്ട് " കർത്താവേ എന്നെ സഹായിക്കണേ" എന്നു പറഞ്ഞുകൊണ്ട് മുകളിലേക്ക് ചാടുകയും ചെയ്യണം.യന്ത്രമനുഷ്യൻ ഇത് പല പ്രാവശ്യം ശ്രമിക്കുകയും,ആ വാക്കുകളും ആംഗ്യവും കുട്ടികൾക്കൊപ്പം പഠിക്കുകയും ചെയ്യുന്നു.

അങ്ങനെ,ഒടുവിൽ അവർ സുരക്ഷിതരായി ശനി ഗ്രഹത്തിൽ എത്തുന്നു.ശനിഗ്രഹത്തിനു ചുററുമുള്ള വലയം എളുപ്പം യാത്രചെയ്യുന്നതിനുള്ള എളുപ്പവഴിയാണെന്ന് യന്ത്രമനുഷ്യൻ ചിന്തിക്കുന്നു.പേടകം നിലത്തിറക്കുന്നതിൽ അവർ ബുദ്ധിമുട്ട് നേരിടുന്നു,അതുകൊണ്ട് ശ്രോതാക്കൾക്കൊപ്പം,റോബോട്ട് "ദൈവത്തോടു വിളിച്ചപേക്ഷിക്കുകയും", എല്ലാവരും " കർത്താവേ എന്നെ സഹായിക്കണേ" എന്ന് പ്രതികരിക്കുകയും ചെയ്യുന്നു.

ഗഗനസഞ്ചാരികൾ ബൈബിളിൽ നിന്നും പരിശീലനം കൊടുക്കുന്നതുമൂലം അവർ കൃത്യസമയത്തുതന്നെ ലാൻഡു ചെയ്യുന്നു.

(ശ്രോതാക്കൾക്കൊപ്പമുള്ള രസകരമായ ലാൻഡിംഗിനുശേഷം,പ്രധാനപാഠം ആരംഭിക്കുക).



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam



## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം

### മോശെയുടെ ജനനം

യിസ്രായേൽമക്കൾ അടിമവേല നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു. അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിൽ എത്തി.ദൈവം അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും തനിക്കുള്ള നിയമവും ഓർത്തു. ദൈവം യിസ്രായേൽ മക്കളെ കടാക്ഷിച്ചു.ദൈവം അറിഞ്ഞു(പുറ 2.23–25).

പുറപ്പാടു പുസ്തകം 2 അദ്ധ്യായത്തിൽ ദൈവജനം ഒരു സുപ്രധാന പാഠം പഠിപ്പിച്ചതായി ബൈബിൾ നമുക്ക് കാണിച്ചു തരുന്നു.അത് നാം ഇന്നു പഠിക്കുന്ന പാഠം തന്നെയാണ്.ഏതെങ്കിലും വിഷയത്തിൽ നമുക്ക് സഹായം വേണമെങ്കിൽ ,നാം ദൈവത്തെ വിളിച്ചപേക്ഷിക്കണം.

യിസ്രായേൽജനം അടിമത്തത്തിൽ ആയിരുന്നതിനാൽ, അവർ ജീവിതത്തിൽ വലിയ കഷ്ടത സഹിക്കുകയായിരുന്നു.പാവപ്പെട്ടവരായ അവർക്ക് അല്പമേ ഭക്ഷിപ്പാൻ ഉണ്ടായിരുന്നുള്ളു.  നമ്മുടെ മാതാപിതാക്കൾ  എല്ലാ സമയത്തും  പരസ്പരം വഴക്കടിക്കുന്നതുമൂലം ചിലപ്പോൾ മറ്റുള്ളവർ നമ്മെ കളിയാക്കുകയോ,നമ്മെപ്പറ്റി തമാശ പറയുകയോ,നാം ബുദ്ധിമുട്ടുകയോ ആയിരിക്കും.അപ്പോഴാണ് നാം ദൈവത്തെ വിളിച്ചപേക്ഷിക്കേണ്ടത്.ഈ സമയത്ത് ദൈവജനം ദരിദ്രരും വിശന്നവരും ആയിരുന്നു എന്നു മാത്രമല്ല അവർ മിസ്രയീമ്യരാൽ പരിഹസിക്കപ്പെടുകയും കളിയാക്കപ്പെടുകയും ചെയ്തിരുന്നു.ഈ സംഘർഷങ്ങൾ എല്ലാം ഉള്ളപ്പോൾ തന്നെ,അവർ പരസ്പരം വഴക്കടിക്കുകയും ചെയ്യുമായിരുന്നു.അപ്പോൾ കാര്യങ്ങൾ കൂടുതൽ വഷളാകുകയെന്നോണം,യിസ്രായേൽമക്കളുടെ എല്ലാ ആൺകുഞ്ഞുങ്ങളെയും കൊന്നുകളയണമെന്ന് മിസ്രയീമിലെ ഭരണാധികാരി പ്രഖ്യാപിച്ചു.അത് തീവ്രതയേറിയ ഒരു പീഡനം ആയിരുന്നു.ആരെങ്കിലും ദൈവത്തെ വിളിച്ചപേക്ഷിക്കണമായിരുന്നെങ്കിൽ അത് യിസ്രായേല്യരായിരുന്നു.

എന്നാൽ ദൈവത്തിന് ഒരു പദ്ധതി ഉണ്ടായിരുന്നു.മോശ ജനിച്ചപ്പോൾ ദൈവം അവനെ ശ്രദ്ധയോടുകൂടി കാവൽചെയ്യുകയും,കൊല്ലപ്പെടാതെ സംരക്ഷിക്കുകയും ചെയ്തു തന്റെ കുഞ്ഞിനെ കണ്ടാൽ അവനെ തട്ടിയെടുത്തുകൊണ്ടുപോയി കൊല്ലുവാൻ സാധ്യതയുണ്ടായിരുന്നതിൽ നീചന്മാരായ പട്ടാളക്കാർ കാണാതെ മോശയുടെ അമ്മ തന്നാൽ കഴിയുവോളം മോശെക്കുഞ്ഞിനെ ഒളിപ്പിച്ചുവെച്ചു.എന്നാൽ ഇനിയും അവനെ ഒളിപ്പിച്ചുവെയ്ക്കുവാൻ കഴിയുകയില്ല എന്നൊരു സമയമെത്തി.ഒരു പക്ഷേ,അപ്പോഴായിരിക്കാം അവർക്ക് ഒരു നല്ല ആശയം ലഭിച്ചത്.ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ മോശെയുടെ അമ്മ അവനെ ഒരു കുട്ടയിലാക്കി നദിയിൽ വെച്ചപ്പോൾ ദൈവം അവനെ സൂക്ഷിച്ചു.അവൻ വെള്ളത്തിൽ മുങ്ങിച്ചാകുകയോ,ഒഴുക്കിൽപ്പെട്ട് വളരെ ദൂരം പോവുകയോ ചെയ്യാമായിരുന്നു, എന്നാൽ അവൻ സുരക്ഷിതനായിരിക്കണം എന്ന് ദൈവം തീരുമാനിച്ചിരുന്നു.മിസ്രയീമിലെ ഭരണാധികാരിയുടെ വീടിനു സമീപം മോശെക്കുഞ്ഞിനെ വെച്ച കുട്ട (പെട്ടകം) പൊങ്ങിക്കിടക്കുകയും ഫറവോന്റെ പുത്രി മോശെക്കുഞ്ഞിനെ അവളുടെ സ്വന്തം മകനെപ്പോലെ വളർത്തുവാനും തീരുമാനിച്ചു.നമ്മുടെ ദൈവം വളരെ വലിയവൻ ആണ്. ദൈവത്തിന് മോശയുടെ ജീവിതത്തെക്കുറിച്ച് ഒരു പദ്ധതി ഉണ്ടായിരുന്നതിനാൽ,അവൻ ഒരു ശിശുവായി ഒരു കുട്ടയിൽ നദിയിലെ വെള്ളത്തിൽ ഒഴുകിനടക്കുമ്പോഴും ദൈവം അവനെ കണ്ടു.ദൈവം നിങ്ങളെയും എന്നെയും കാണുന്നു,അവൻ നമ്മെ ഓരോരുത്തരെയും അറിയുന്നു. ദൈവത്തെ വിളിച്ചപേക്ഷിക്കുക എന്ന സുപ്രധാന പാഠം നമുക്കിന്ന് പഠിക്കാം.ചില സമയങ്ങൾ നിങ്ങൾക്കും എനിക്കും കാഠിന്യം നിറഞ്ഞതാവാം.ഉദാഹരണമായി,സ്കൂളിൽ നമുക്ക് ബുദ്ധിമുട്ട് ഉണ്ടാകുകയോ,ഒരു സഹോദരനുമായി വഴക്കടിക്കുന്ന സന്ദർഭം ഉണ്ടാവുകയോ ചെയ്യാം.നിങ്ങൾക്ക് ചെയ്യുവാൻ കഴിയുന്ന ഏറ്റവും നല്ല കാര്യം ദൈവത്തെ വിളിച്ചപേക്ഷിക്കുക എന്നതാണ്. യിസ്രായേൽ ജനം അതുതന്നെയാണ് ചെയ്തത്. അവർക്ക് ദൈവത്തെ വിളിച്ചപേക്ഷിക്കുവാൻ സാധിച്ചു; ബൈബിൾ പറയുന്നത്, ദൈവം അവരുടെ നിലവിളികേട്ടു, അവരെ ഓർത്തു എന്നാണ്. ദൈവം അവരെ കണ്ടു,അവരെ അറിഞ്ഞു.ദൈവത്തിന് അവരോട് മനസ്സലിവുതോന്നി, അവരെ രക്ഷിച്ചു. ദൈവത്തിന് മോശയുടെ ജീവിതത്തെപ്പറ്റി ഒരു പദ്ധതി ഉണ്ടായിരുന്നു...ഒരു യിസ്രായേല്യനായി അവൻ ജനിക്കപ്പെട്ടു,മരണത്തിൽ നിന്നും വിടുവിക്കപ്പെട്ടു,കൊട്ടയിൽ (പെട്ടകത്തിൽ)രക്ഷപെട്ടു,ഫറവോന്റെ കുടുംബത്തിൽ ദത്തെടുക്കപ്പെട്ടു. അതുകൊണ്ട് നാം ഇന്നു പഠിച്ച കാര്യങ്ങൾ നമുക്ക് പ്രവർത്തിയിലാക്കാം,ദൈവത്തെ വിളിച്ചപേക്ഷിക്കാം.



## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം

**വലിയവനാണ്**



## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം

“ഞാൻ യഹോവയോട് ഉച്ചത്തിൽ നിലവിളിക്കുന്നു, അവൻ തന്റെ വിശുദ്ധപർവ്വതത്തിൽ നിന്ന് ഉത്തരം അരുളുകയും ചെയ്യുന്നു.”
സങ്കീ. 3:4




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

## ഭക്ഷണമുറി

# യന്ത്രമനുഷ്യൻ

### ലഘുഭക്ഷണ ശാല

ഒരു ക്രാക്കറോടെ ആരംഭിക്കുക,പേപ്പറിൽ ക്രാക്കറിന് ചുറ്റും യന്ത്രമനുഷ്യനെ വരയ്ക്കുക,ക്രാക്കറിൽ മിഠായികൾ വയ്ക്കുക ഒരു ചെറിയ ക്രീം ഉള്ള പാൽക്കട്ടി,ചെറുതായി അരിഞ്ഞ പച്ചക്കറിയോടുചേർത്ത് യന്ത്രമനുഷ്യന് ആരോഗ്യത്തിനായി കൊടുക്കുക.നിങ്ങൾക്ക് വേണമെങ്കിൽ നിങ്ങൾ പേപ്പറിൽ വരച്ച യന്ത്രമനുഷ്യനോടുകൂടെ നിങ്ങൾക്ക് ആരംഭിക്കുകയും ചെയ്യാം.



# ഊഹാപോഹം

ലഘുഭക്ഷണ സമയത്ത്
ശൂന്യാകാശയാത്രയുടെ പ്രയോജനങ്ങളെപ്പറ്റി ചർച്ച ചെയ്യുക


# ടെലിസ്കോപ്പുകൾ

ടെലിസ്കോപ്പുകൾ വളരെ രസകരമായ വസ്തുക്കളാണ്.പ്രപഞ്ചത്തിന്റെ വലിയ വിതാനം അതുകൊണ്ട് നമുക്ക് കാണുവാൻ കഴിയും.ഭൂമിയിൽ നിന്നും നമ്മുടെ നയനങ്ങളാൽ ഗ്രഹങ്ങളെയോ അവയുടെ ചന്ദ്രൻമാരെയോ കാണുവാൻ നമുക്ക് കഴിയില്ല.

ആകാശത്ത് ആയിരക്കണക്കിന് ചെറിയ കുത്തുകൾ (പൊട്ടുകൾ) പോലെ അവ കാണപ്പെടുന്നു.എന്നാൽ ഒരു ടെലിസ്കോപ്പ് ഉപയോഗിച്ച് അവയെ നമുക്ക് വളരെ അടുത്ത് കാണുവാൻ കഴിയും .ഗ്രഹങ്ങളിലെ ഗർത്തങ്ങളും,നക്ഷത്രസമൂഹങ്ങളും രസകരമായ മറ്റുപല കാര്യങ്ങളും കാണുവാൻ കഴിയും.ഒരു ടെലിസ്കോപ്പുകൊണ്ട് മുകളിൽ അങ്ങ് ദൂരെ നിൽക്കുന്ന കാര്യങ്ങളെ നമുക്ക്  അടുത്ത് കാണുവാൻ കഴിയും.

ചിലപ്പോൾ നിങ്ങളും ഞാനും പ്രാധാന്യമില്ലാത്തവരായി തോന്നാം.നിറയെ നക്ഷത്രങ്ങളുള്ള പ്രപഞ്ചത്തിൽ നില്ക്കുന്ന ഒരു നക്ഷത്രം പോലെയാണ് നമ്മൾ ഓരോരുത്തരും.നമ്മെ ആരും കാണുന്നില്ല എന്ന് തോന്നാവുന്ന ചില സമയങ്ങൾ ഉണ്ട് ,എന്നാൽ ദൈവത്തിന് നമ്മെ വളരെ അടുത്ത് കാണാം.നമുക്ക് ചുറ്റും മറ്റ് ആയിരക്കണക്കിന് ആളുകൾ ഉണ്ടെങ്കിലും ,ദൈവം ആയിരക്കണക്കിന് മൈലുകൾ അകലെയാണെന്ന് തോന്നിയാലും ദൈവത്തിന്റെ കയ്യിൽ ഒരു ടെലിസ്കോപ്പ് പിടിച്ച് നമ്മെ വളരെ അടുത്ത് കാണുന്നതുപോലെയാണ് അത്.

## കേഡറ്റ് ക്ലാസ്




### ദൈവത്തെ വിളിച്ചപേക്ഷിക്കുക!


അടയാള ഭാഷയിൽ ഈ വാക്കുകൾ പഠിപ്പിച്ചുകൊണ്ട് കഥ പുനരവലോകനം ചെയ്യുക.തുടർന്ന് കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചോദ്യങ്ങൾ ചോദിക്കുന്ന ആളിനെ സഹായിക്കുകയും ചെയ്യുക.

**ശിശു**

കുറുകെ വച്ച കൈകൾ




**ഭയപ്പെട്ടു/പേടിച്ചു**



വിരലിന്റെ അഗ്രങ്ങൾ സ്പർശിച്ചുകൊണ്ട്, കരങ്ങൾ തുറന്ന് നെഞ്ച് മറയ്ക്കുക.

**കുടുംബം**

തള്ളവിരലും ചൂണ്ടുവിരലുകളും സ്പർശിച്ചുകൊണ്ട്,കരങ്ങൾ തൊടുന്നതുവരെ പുറമേയുള്ള വൃത്തം ഉണ്ടാക്കുക



## സന്ദേശ പ്രക്ഷേപണം

**ദൈവത്തെ വിളിച്ചപേക്ഷിക്കുക**

ഈ പാഠത്തിനിടെ,ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തെ വിളിച്ചപേക്ഷിക്കുക" എന്നു കേൾക്കുമ്പോൾ,അവർ തങ്ങളുടെ കരങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തിക്കൊണ്ട് " കർത്താവേ എന്നെ സഹായിക്കണേ"എന്നു പറയുകയും മുകളിലോട്ട് ചാടുകയും ചെയ്യണം



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

എഞ്ചിനീയറിങ്ങ്




## മോശ ഒരു കുട്ടയിൽ (പെട്ടകത്തിൽ)

കൊടുക്കേണ്ടവ:
തയ്യാറാക്കിയ ചിത്രം
(പ്രിന്റെ,കട്ട്ഔട്ട്,പഞ്ച് സുഷിരങ്ങൾ)
ക്രെയോൺസ് (അല്ലെങ്കിൽ,നിറം
കൊടുത്ത മാർക്കറുകൾ,മാർക്കുകൾ,
അല്ലെങ്കിൽ ചായം)



നിബന്ധനകൾ:
1.വിദ്യാർഥികൾ പുറകിൽ തങ്ങളുടെ പേര്
എഴുതികൊണ്ട് മുൻവശം കളർ ചെയ്യുക.
2.സുഷിരങ്ങളിൽകൂടി വിദ്യാർഥികൾ വള്ളി
കടത്തുക.


കളികൾക്കും സമാപനത്തിനുമായി തിരികെ
പാലത്തിലേക്ക് (വലിയ ഗ്രൂപ്പിലേക്ക്)



## പദം രൂപീകരിക്കുക

മൂന്നു കുട്ടികളെ ഓരോ ടീമിൽ നിന്നു എടുത്തുകൊണ്ട് , അവരെ സ്റ്റേജിൽ നിർത്തി,അവരുടെ ശരീരം കൊണ്ട് 3-അക്ഷരമുളള ഒരു ഇംഗ്ലീഷ് വാക്ക് രൂപികരിക്കുക.പല തവണകളായി ഈ മത്സരം ഓരോ ടീമിനും തുടരാവുന്നതാണ്,സമയത്തിന്റെ ക്ലിപ്തത ഉണ്ടാകണമെന്ന് മാത്രം.
ലീഡർ ഗോ(പോവുക) എന്ന് പറയുമ്പോൾ,ലീഡർ ആദ്യത്തെ വാക്ക് ഒരു ടീമിനോട് ചെറുതായി മന്ത്രിക്കുകയും,അവർ സംസാരിക്കാതെ സ്റ്റേജിൽ ചെന്ന് ആ വാക്ക് ശരീരം ഉപയോഗിച്ച് രൂപികരിക്കുന്നു.ആ ടീമിന്റെ ശ്രോതാക്കൾ മാത്രം അത് എന്താണെന്ന് ഊഹിക്കുന്നു.അത് ശരിയാണെങ്കിൽ,വാച്ച് നിർത്തുകയും അവരുടെ ടീമിന് ആ വാക്ക് ഊഹിച്ചെടുക്കാൻ എത്ര സെക്കന്റെ എടുത്തു എന്ന് ലീഡർ സമയം കുറിക്കുകയും ചെയ്യുന്നു.
നിങ്ങളുടെ ടീമുകളിൽ ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടെങ്കിൽ,ഉദാഹരണമായി,പെൺകുട്ടികൾക്ക് ഒരു വാക്ക് ലഭിക്കുകയും,3 പെൺകുട്ടികൾ സ്റേറജിൽ കടന്നു ചെന്ന് ശരീരംകൊണ്ട് ആ വാക്ക് രൂപികരിക്കുകയും ചെയ്യും,അപ്പോൾ ശ്രോതാക്കളുടെ ഇടയിലുള്ള പെൺകുട്ടികൾ മാത്രം ആ വാക്ക് എന്താണെന്ന് ഊഹിച്ച് വിളിച്ചു പറയും.ആൺകുട്ടികൾ പങ്കെടുക്കുന്നെങ്കിൽ, അവർ പെൺകുട്ടികളെ ജയിക്കുവാനായിമാത്രം സഹായിക്കുന്നു.
3 അക്ഷരങ്ങളുള്ള ചില നിർദ്ദിഷ്ട ഇംഗ്ലീഷ് വാക്കുകൾ : dog, cat, hat, sun, pig, fun, മുതലായവ.

## രുചിമത്സരം




ഓരോ ടീമിൽ നിന്നും ഒരു കുട്ടിയെ വീതം സ്റ്റേജിലേക്ക് ക്ഷണിക്കുക.പല രുചികളും മസാലകൂട്ടുകളും ഉളള ഭക്ഷണം ക്രമീകരിക്കുക.ആഹാരം എല്ലാവരിൽ നിന്നും മറച്ചു പിടിച്ചിട്ട്, സ്റ്റേജിൽ ആദ്യം വന്ന രണ്ട് കുട്ടികളുടെ കണ്ണ് മൂടുക.സ്റ്റേജിൽ നില്ക്കുന്ന ഈ കുട്ടികളുടെ അടുത്തേക്ക് ഒരു സമയത്ത് ഒരു ഭക്ഷണം വീതം കൊണ്ടുവന്ന് അവരത് രുചിച്ചു നോക്കുവാനും അവയെ തിരിച്ചറിയുവാനും സഹായിക്കുക.ഈ കളി കൂടുതൽ രസകരമാകുന്നതിനായി,ബാക്കിയുളള കുട്ടികൾ അവർ എന്താണ് കാണുന്നതെന്ന് ആഹാരത്തന്റെ പേര് വിളിച്ചുപറയാതിരിക്കുക.(നിങ്ങളുടെ ക്ലാസിലുളളവർ ഉത്തരം പറഞ്ഞുകൊടുക്കാതിരിക്കുക).ഓരോ കുട്ടികളും ശരിയുത്തരം പറയുവാൻ 10 സെക്കന്റ് സമയം കൊടുക്കുക,ഒരു കുട്ടിക്ക് ഒരുത്തരം പറയുവാൻ ഒരു അവസരം മാത്രമേ ഉളളു.ഗയിം നടക്കുന്ന സ്ഥലം മലിനമായാൽ വൃത്തിയാക്കുന്നതിനായി നാപ്കിനോ തുവാലയോ കരുതുക.സ്റ്റേജിലുളള കുട്ടികൾക്ക് വിവിധ ഭക്ഷണങ്ങളുടെ പേര് ഊഹിക്കുന്നതിന് വിവിധ അവസരങ്ങൾ ഉപയോഗക്കാം.കൂടുതൽ ഭക്ഷണങ്ങൾ ശരിയായി തിരിച്ചറിയുന്ന ടീം വിജയിക്കുന്നു.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam


# 2 ദൈവം വിസ്മയവാനാണ്




## ദൈവത്തോടു പ്രതികരിക്കുക!യളവഘല!

ശൂന്യാകാശ ത്താവളങ്ങൾ:

മെഗൻറ്റാരസ്








## പൊട്ടിത്തെറി!


### ആദ്യത്തെ നാടകം

ഇന്ന് ക്യാപ്റ്റനോട് പ്രതികരിക്കുന്നതിൽ, തന്റെ കേൾവി ശക്തി നഷ്ടപ്പെട്ടതുപോലെ, യന്ത്രമനുഷ്യൻ ചില ബുദ്ധിമുട്ടുകൾ പ്രകടമാക്കുന്നുണ്ട്. യന്ത്രമനുഷ്യന് വന്ദനം പറഞ്ഞുകൊണ്ട് ക്യാപ്റ്റൻ ശൂന്യാകാശത്തിലേക്കു ടേക്കോഫിനായി തന്റെ പേടകത്തെ സജ്ജമാക്കുന്നു, എന്നാൽ യന്ത്രമനുഷ്യൻ ക്യാപ്റ്റന്റെ വന്ദനത്തെ പൂർണ്ണമായും അവഗണിക്കുന്നു. അവർ പരസ്പരം ആശയ വിനിമയം ചെയ്യാൻ ബുദ്ധിമുട്ടുന്നതോടൊപ്പം യന്ത്രമനുഷ്യനെയും ശ്രോതാക്കളെയും ഇന്ന് ഏതു രീതിയിൽ പ്രതികരിക്കണം എന്ന് ക്യാപ്റ്റൻ പഠിപ്പിക്കുന്നു.

ഈ പാഠത്തിനിടെ ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തോടു പ്രതികരിക്കുക" എന്നു കേൾക്കുമ്പോൾ, അവർ തങ്ങളുടെ കരം തങ്ങളുടെ ചെവിയിൽ ഇട്ടുകൊണ്ട്, "അതേ കർത്താവേ "എന്നു പറഞ്ഞു പ്രതികരിക്കണം. തുടർന്നു, "അടിയൻ ഇതാ "എന്നു പറഞ്ഞുകൊണ്ട് അവർ ഒരു പട്ടാളക്കാരനേപ്പോലെ തങ്ങളുടെ കാലുകൾ ചേർത്തുവയ്ക്കണം. ആകാശത്തിലെ ഏറ്റവും പ്രകാശമുള്ള നക്ഷത്രങ്ങളിൽ, 15-ാം സ്ഥാനത്തു നിൽക്കുന്നതും , അവിശ്വസനീയമായ വലിപ്പമുള്ളതുമായ, "അന്റാറസ്" എന്ന നക്ഷത്രത്തിലേക്കാണ് അവർ യാത്രയാവുന്നതെന്നു ക്യാപ്റ്റൻ പറയുന്നു. അവർ "മെഗാന്റാറസ്" എന്ന ശൂന്യാകാശകേന്ദ്രത്തിൽ ഇറങ്ങുകയും, പ്രപഞ്ചത്തിന്റെ വലിപ്പം എത്രമാത്രം എന്നു വീക്ഷിക്കുകയും ചെയ്യും. ഇപ്പോൾ തീം സോംഗ് പാടുകയും പൊട്ടിത്തെറിക്കുന്ന ശബ്ദ സംവിധാനത്തോടെ ടെയ്ക്ക് ഓഫ് ചെയ്യുകയും വേണം.

യാത്രയിലായിരിക്കെ, അവരുടെ ലക്ഷ്യത്തിലെത്തുന്നതിനായി താരാപഥം തിരഞ്ഞെടുത്തതുകൊണ്ട് യാത്രചെയ്യണമെന്നു ക്യാപ്റ്റൻ യന്ത്രമനുഷ്യനോടു പറയുന്നു. (അതൊരു സ്വതന്ത്രപാത എന്ന നിലയിൽ) എന്നാൽ യന്ത്രമനുഷ്യനു ശരിയായി കേൾക്കുവാൻ സാധിക്കാത്തതു മൂലം, താരാപഥത്തിലേക്കുള്ള ഒരുപ്രവേശനകവാടം നഷ്ടപ്പെടുകയും , അടുത്തതിനായി ശ്രമിക്കുകയും ചെയ്യുന്നു. ക്യാപ്റ്റൻ യന്ത്രമനുഷ്യനു എണ്ണഒഴിക്കുകയും തുടർന്നു യന്ത്രമനുഷ്യൻ ശരിയായ രീതിയിൽ ക്യാപ്റ്റനോടു പ്രതികരിക്കുകയും ചെയ്യുന്നു.. (കുറി വാക്കുകളായ, "ദൈവത്തോടു പ്രതികരിക്കുക" എന്നതും "അതേ കർത്താവേ , അടിയൻ ഇതാ" എന്നതും പല പ്രാവശ്യം ആവർത്തിക്കുക. അവർക്കു ബൈബിളിൽനിന്നു ലഭിച്ച ഗഗനസഞ്ചാര പരിശീലനം മൂലം കൃത്യസമയത്തു തന്നെ ലാന്റു ചെയ്യുന്നു.

(ശ്രോതാക്കൾക്കൊപ്പം രസകരമായ ഒരു ലാൻഡിങിനു ശേഷം പ്രധാന പാഠം ആരംഭിക്കുക..



## സന്ദേശ പ്രക്ഷേപണം

**ദൈവത്തോടു പ്രതികരിക്കുക**

ഈ പാഠത്തിനിടെ ഓരോ പ്രാവശ്യവും കുട്ടികൾ 'ദൈവത്തോടു പ്രതികരിക്കുക.' എന്നു കേൾക്കുമ്പോൾ , അവർ തങ്ങളുടെ കരം തങ്ങളുടെ ചെവിയിൽ ഇട്ടുകൊണ്ട് 'അതേ കർത്താവേ'എന്നു പറഞ്ഞു പ്രതികരിക്കണം. തുടർന്നു, 'അടിയൻ ഇതാ' എന്നു പറഞ്ഞുകൊണ്ട് അവർ ഒരു പട്ടാളക്കാരനേപ്പോലെ തങ്ങളുടെ കാലുകൾ ചേർത്തുവയ്ക്കണം.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam




## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം

### മോശെയുടെ കത്തുന്ന മുൾപ്പടർപ്പ്

മോശ തന്റെ അമ്മായിഅപ്പനായ യിത്രോയുടെ ആടുകളെ മേയിക്കുകയായിരുന്നു. ... അവിടെ ദൈവത്തിന്റെ ദൂതൻ മുൾപ്പടർപ്പിന്റെ നടുവിൽനിന്ന് അഗ്നിജ്വാലയിൽ അവന് പ്രത്യക്ഷനായി. അവൻ നോക്കിയാറെ മുൾപ്പടർപ്പ് തീ പിടിച്ചു കത്തുന്നതും മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്നതും കണ്ടു. "മുൾപ്പടർപ്പ് വെന്തുപോകാതിരിക്കുന്ന ഈ അപൂർവ്വ കാഴ്ച എന്തെന്നു ഞാൻ ചെന്നു നോക്കട്ടെ" എന്നു മോശ ചിന്തിച്ചു.
നോക്കേണ്ടതിന് അവൻ വരുന്നത് യഹോവ കണ്ടപ്പോൾ , ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്ന് അവനെ "മോശേ, മോശേ" എന്ന് വിളിച്ചു.
അതിന് മോശെ, "അടിയൻ ഇതാ" എന്നു പറഞ്ഞു.
ദൈവം പറഞ്ഞു, "ഇങ്ങോട്ട് അടുക്കരുത്. നീ നിൽക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ കാലിൽനിന്നു ചെരിപ്പു അഴിച്ചുകളയുക". പിന്നെ അവൻ പറഞ്ഞു , "ഞാൻ അബ്രഹാമിന്റെ ദൈവവും യിസ്സഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി, നിന്റെ പിതാവിന്റെ ദൈവം ആകുന്നു."
(പുറപ്പാട് 3.1–6 )



## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം
വിസ്മയവാനാണ്



## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം

“അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്: അടിയൻ ഇതാ, അടിയനെ അയയ്ക്കേണമേ എന്നു പറഞ്ഞു” യെശയ്യാവ് 6:8

മോശയോട് സംസാരിക്കുന്നതു കാണിക്കുവാൻ തക്കവണ്ണം അത്ര
അതിശയവാനാണ് നമ്മുടെ ദൈവം. ദൈവം മോശയേ അവന്റെ പേരു ചൊല്ലി വിളിച്ചു. ദൈവം. നമ്മെ വിളിക്കുമ്പോൾ നമുക്കു എന്തു ചെയ്യുവാൻ കഴിയും എന്നാണ് നാം ഇന്നു പഠിക്കുന്നത്. ദൈവത്തോടു പ്രതികരിക്കുക. ആടുകളെ മേയിച്ചുകൊണ്ട് മോശെ തന്റെ സ്വന്തം തൊഴിലിൽ ഏർപ്പെട്ടിരുന്നു. മോശ പ്രാർത്ഥിക്കുകയോ ആത്മികമായി മറ്റെന്തെങ്കിലും ചെയ്യുകയോ ആയിരുന്നില്ല. അവൻ ജോലി ചെയ്തുകൊണ്ടിരുന്നപ്പോഴാണ് ദൈവം അവനെ വിളിച്ചത്. "ഏയ് അവിടെ നിൽക്കുന്ന നിങ്ങൾ" എന്നല്ല ദൈവം അവനെ വിളിച്ചത്, പിന്നെയോ ദൈവം മോശയെ പേർ ചൊല്ലി വിളിച്ചു. പെട്ടെന്ന് മോശക്ക്
ആരോ" മോശേ, മോശേ" എന്ന് തന്റെ പേർ വിളിക്കുന്നത് കേൾക്കുവാൻ കഴിഞ്ഞു. തന്നെ ആരാണ് പേരു പറഞ്ഞ് വിളിക്കുന്നതെന്ന് കാണുവാൻ മോശ ചുറ്റും നോക്കിയിട്ടുണ്ടാവും. എന്നാൽ അവന്റെ ചുറ്റിലും ആരും ഇല്ലായിരുന്നു. അവൻ ഒറ്റക്കായിരുന്നു. അപ്പോൾ അവൻ അതു കണ്ടു. കത്തുന്ന ഒരു മുൾപ്പടർപ്പ്. തന്റെ ബാഗിൽ നിന്നും ഉടൻതന്നെ തീ അണയ്ക്കുന്നതിനുള്ള ഉപകരണമെടുത്തു ആ തീ കെടുത്തുവാൻ ശ്രമിച്ചതായി നിങ്ങൾ ചിന്തിക്കുന്നുണ്ടോ. ഒരു പക്ഷേ മുൾപടർപ്പ് യഥാർത്ഥത്തിൽ വെന്തുപോകാതിരിക്കുന്നതുകണ്ട് എന്തെങ്കിലും ചെയ്വാൻ അവൻ തിടുക്കം കൂട്ടിയിട്ടുണ്ടാവും. അതു കത്തുകയായിരുന്നു. പക്ഷേ വെന്തു പോയില്ല. തുടർന്നു ആ മുൾപ്പടർപ്പ് അവനോടു സംസാരിക്കുവാൻ തുടങ്ങി. "ഞാൻ ദൈവത്തോടു പ്രതികരിക്കണമോ" എന്നു മോശ ചിന്തിച്ചിട്ടുണ്ടാകും. സാധാരണയായി നിങ്ങളും ഞാനും കത്തുന്ന മുൾപ്പടർപ്പുകൾ കാണാറില്ല.. സാധാരണയായി ദൈവം നമ്മോട് ഉച്ചത്തിൽ കേൾക്കാവുന്ന ശബ്ദത്തിൽ സംസാരിക്കാറുമില്ല. എന്നാൽ എല്ലാ സമയത്തും ദൈവം നമ്മോടു ആശയവിനിമയം നടത്തുവാൻ ശ്രമിക്കുന്നു. ദൈവം എല്ലായ്പോഴും നിങ്ങളോടു സംസാരിക്കുവാനും നിങ്ങളുമായി സമയം ചെലവഴിക്കുവാനും നിങ്ങൾക്കു മാർഗ്ഗനിർദ്ദേശം നൽകുവാനും ശ്രമിക്കുന്നു. എന്നാൽ നമ്മിൽ വളരെ ചുരുക്കം പേർ മാത്രമേ ദൈവത്തെ ശ്രദ്ധിക്കുന്നുള്ളു എന്നതാണ് കാര്യം. കൂടുതൽ ആളുകളും ദിവസം മുഴുവൻ ദൈവത്തെ മറന്നാണ് ജീവിക്കുന്നത്. ദൈവം ഉണ്ട് എന്നും അല്ലെങ്കിൽ ആ ദൈവത്തിന് നമ്മോടു സംസാരിക്കണമെന്നും ഉള്ള കാര്യങ്ങൾ അവർ മറക്കുന്നു. നിങ്ങൾ ദൈവത്തോടു പ്രതികരിക്കും എന്നു വാസ്തവത്തിൽ ദൈവം ആശിക്കുന്നു. നമ്മുടെ ദൈവം അതിശയവാനല്ലേ.
നാം ഇന്നു ചെയ്യുന്നതുപോലെ മോശെയ്ക്കു ദൈവത്തെ അവഗണിക്കുന്നതു തിരഞ്ഞെടുക്കാമായിരുന്നു. പക്ഷേ അവൻ നിന്നു ശ്രദ്ധിച്ചു. തുടർന്നു അവൻ തന്റെ ഹൃദയവും വായും പ്രതികരിക്കുവാനായി തുറന്നു. "അതേ കർത്താവേ , അടിയൻ ഇതാ". എന്നുള്ള പദങ്ങളോടെ അവൻ ദൈവത്തിന് ഉത്തരം നൽകി. ഇസ്രായേൽ ജനത്തെ അടിമത്വത്തിൽ നിന്നു രക്ഷിക്കുവാൻ ദൈവത്തിനു ഒരു പദ്ധതി ഉണ്ടായിരുന്നു. അവനു മോശയേ ഉപയോഗിക്കണമായിരുന്നു. "അടിയൻ ഇതാ" എന്നുള്ള ലളിതമായ മോടിയില്ലാത്ത വാക്കുകൾ ഉച്ചരിച്ചു മോശെ ദൈവവിളിക്കു മറുപടി നൽകി. നിങ്ങളുടെ ജീവിതത്തിൽകൂടെയും അത്ഭുതകരമായ കാര്യങ്ങൾ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. നിങ്ങൾക്കു വേണ്ടിയുള്ള മഹത്തായതും അവിശ്വസനീയവുമായ പദ്ധതികൾ അവന്റെ പക്കലുണ്ട്. എന്നാൽ നിങ്ങൾ ഒരു നിമിഷം നിന്ന് അവനെ ശ്രദ്ധിക്കണം. നിങ്ങൾ ദൈവത്തോടു പ്രതികരിക്കണം. എന്നു ദൈവം ആഗ്രഹിക്കുന്നു.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

## ഭക്ഷണമുറി

# മോശയുടെ കത്തുന്ന മുൾപ്പടർപ്പ്

ബ്രോക്കോളി ചെറുതായ പച്ചമുൾപ്പടർപ്പുപോലെ കാണപ്പെടുന്നവയാണ്. ആയതിനാൽ അതു മോശെ കണ്ട കത്തുന്ന മുൾപ്പടർപ്പിനെ പ്രതിനിധീകരിക്കാൻ കൊള്ളാവുന്നതാണ്. കോളിഫ്ളവറും ചെറിയ മരങ്ങൾ പോലെ കാണപ്പെടുന്നവയാണ്.

കെച്ചപ്പിലോ ചൂടുള്ള സോസിലോ മുക്കി അതിന് തീജ്വാലയുടെ ആകാരമോ കത്തുന്നതുപോലെയുള്ള തോന്നലോ വരുത്താവുന്നതാണ്.







ലഘുഭക്ഷണ ശാല

## ഊഹാപോഹം

ലഘുഭക്ഷണ സമയത്ത്
ശൂന്യാകാശയാത്രയുടെ പ്രയോജനങ്ങളെപ്പറ്റി ചർച്ച ചെയ്യുക

## അത്ഭുതകരമായ വലിപ്പം

ദൈവത്തിനു നമ്മുടെ പേര് അറിയാവുന്നതിനാലും അവൻ നമ്മെ സ്നേഹിക്കുന്നതിനാലും, പ്രപഞ്ചത്തിൽ വളരെ പ്രാധാന്യവും വലിപ്പവും ഉള്ളവരായി നമുക്കു തോന്നാം. ശുക്രൻ, ചൊവ്വ, ബുധൻ, പ്ലൂട്ടോ, എന്നീ ഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമി വലുതായി കാണപ്പെടുന്നതുപോലെ ( 2 ാമത്തെ പോസ്റ്റർ കാണിക്കുക) എന്നാൽ ഭൂമിയെ മറ്റു ഗ്രഹങ്ങളായ വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ എന്നിവയുമായി താരതമ്യം ചെയ്യുമ്പോൾ അതു ചെറുതായി കാണപ്പെടുന്നു. ( 3 ാമത്തെ പോസ്റ്റർ കാണിക്കുക) പ്രപഞ്ചത്തെപ്പറ്റി ബാക്കിയുള്ള പോസ്റ്ററുകളും കാണുക. (4-6 പോസ്റ്ററുകൾ കാണിക്കുക ) പ്രപഞ്ചത്തിന്റെ വലിയ വിതാനത്തിൽ, ദൈവത്തിനു നിങ്ങളെ കാണുവാനും നിങ്ങളുടെ പേരും അറിയുവാനും സാധിക്കും. എന്നാൽ ദൈവം നിങ്ങളെ വിളിക്കുമ്പോൾ നിങ്ങൾ ഇനിയും ദൈവത്തോടു പ്രതികരിക്കേണ്ടതുണ്ട്. നിങ്ങൾക്കു വളരെ പ്രാധാന്യമുള്ളതായി തോന്നാം. എന്നാൽ ആകമാനമുള്ളതായ പ്രപഞ്ചത്തിൽ, യഥാർത്ഥത്തിൽ നിങ്ങൾ വളരെ വളരെ ചെറുതാണ്.

## കേഡറ്റ് ക്ലാസ്



അടയാള ഭാഷയിൽ ഈ വാക്കുകൾ പഠിപ്പിച്ചുകൊണ്ട് കഥ പുനരവലോകനം ചെയ്യുക.തുടർന്ന് കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചോദ്യങ്ങൾ ചോദിക്കുന്ന ആളിനെ

### ദൂതൻ


വിരലിന്റെ അഗ്രങ്ങൾ തോളിൽ വയ്ക്കുക, മുകളിലേക്കും താഴേക്കും ആട്ടിക്കൊണ്ട് ദൂരേയ്ക്കും പുറത്തേയ്ക്കും വലിക്കുക.





### ശ്രദ്ധിക്കുക

കപ്പ് വലത്തു ചെവിയുടെ അടുത്ത്;തല ഇടത്തേക്ക് തിരിക്കുക.



### മോശെ രണ്ടുകൈകളു

ടെയും പെരുവിരലും ചൂണ്ടുവിരലും ടെംപിളുകളിലേക്ക് നീട്ടുക.കൈകൾ വശങ്ങളിലേക്ക് ചലിപ്പിക്കുന്നതനുസരിച്ച് വിരലുകൾ അടക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

എഞ്ചിനീയറിംഗ്

# കത്തുന്ന മുൾപ്പടർപ്പ്

നൽകേണ്ടവ
ഓരോ കുട്ടിക്കും ചിത്രത്തിന്റെ പകർപ്പ്
ചെറിയ മുറിച്ച (കീറിയ) ടിഷ്യുകൾ
ക്രയോൺസ്



നിർദ്ദേശങ്ങൾ.
1. മുൾപ്പടർപ്പിന്റെ കോപ്പികൾ ഉണ്ടാക്കുക, അല്ലെങ്കിൽ കുട്ടികൾ തന്നെത്താൻ അതു വരച്ചുണ്ടാക്കുവാൻ അനുവദിക്കുക
2. ശിഖരങ്ങൾക്കു ബ്രൗൺ നിറം കൊടുക്കുക.
3.ഇലകളും തീജ്വാലകളും നിർമ്മിക്കുന്നതിനായി,ഒരു വടിയുടെയോ,ക്രയോണിന്റെ യോ,അല്ലങ്കിൽ പെൻസിലിന്റെയോ ചുറ്റിലുമായി ടിഷ്യു ശേഖരിച്ച്,ചിത്രത്തിലെ ഒരു കുത്തിന്റെ (പൊട്ടിന്റെ)മാത്രം വലുപ്പമുളള പശയിലേക്ക് അത് ഒട്ടിച്ചുവയ്ക്കുക.
4.പാറകൾ,മണൽ,മരുഭൂമി,മലകൾ,സൂര്യൻ, മേഘങ്ങൾ,മുതലായവയും കുട്ടികൾക്ക് തങ്ങളുടെ ചിത്രങ്ങൾ വരയ്ക്കാം.നിങ്ങൾക്ക് സമയമുണ്ടെങ്കിൽ ,കുട്ടികൾ കൂടുതൽ സർഗാത്മകതകൾ കാണിക്കുവാൻ അവരെ അനുവദിക്കുക

കളികൾക്കും സമാപനത്തിനുമായി തിരികെ
പാലത്തിലേക്ക് (വലിയ ഗ്രൂപ്പിലേക്ക്)

ശൂന്യാകാശ ഗയിമുകൾ

# വെള്ളംകുടി ഓട്ടമത്സരം

ഓരോ ടീമിനും 3 കുട്ടികളെ ഉപയോഗിച്ച് ഒരു വരി ഉണ്ടാക്കുക.മുറിയുടെ മറുവശത്ത് ഒരു മേശയും,ഓരോ ടീമിനുമായി പാത്രത്തിൽ വെള്ളം വയ്ക്കുക.പങ്കെടുക്കുന്ന ഓരോ കുട്ടിയ്ക്കും ഒരു സ്ട്രോ വീതം നല്കുക.തുടർന്ന് കുട്ടികൾ മേശയ്ക്കരികിലേക്ക് ഓടുകയും,ലീഡർ വിസിൽ ശബ്ദം മുഴക്കുന്നതുവരെ തങ്ങളുടെ സ്ട്രോ ഉപയോഗിച്ച് വെള്ളം കുടിക്കുകയും ചെയ്യുന്നു.അവർ പിന്നിലേക്ക് ഓടുകയും അടുത്ത ടിം അംഗം ഓടിച്ചെന്ന് വെള്ളം കുടിക്കുന്നത് തുടരുകയും ചെയ്യുന്നു.കളിയുടെ സമയം അവസാനിക്കുമ്പോൾ പാത്രത്തിൽ ഏറ്റവും കുറച്ച് വെള്ളം അവശേഷിക്കുന്നവരാണ് ജയിക്കുന്ന ടീം (അല്ലെങ്കിൽ ആദ്യം വെള്ളം തീർക്കുന്നവർ).

# ഏത്തപ്പഴം തീറ്റി മത്സരം


ലളിതമായി ഒരു ഏത്തപ്പഴം തൊലിയുരിച്ച് തിന്നുന്നതിനായി ഒരു ടീമിനെ പ്രതിനിധീകരിക്കുവാൻ ഒരു കുട്ടിയെ വീതം തിരഞ്ഞെടുക്കുക എന്നാൽ പ്രശ്നമിതാണ്,കുട്ടിയുടെ ഒരു കൈ എല്ലായ്പോഴും പുറകിലായിരിക്കണം.ലീഡർ ഗോ(പോകുക) എന്നു പറയുമ്പോൾ,കുട്ടികൾ തങ്ങളുടെ ഓരോ കരവും പല്ലുകളും ഉപയോഗിച്ച് ഏത്തപ്പഴത്തിന്റെ തൊലി നന്നായി ഉരിഞ്ഞെടുക്കണം.അത് ഉരിഞ്ഞുകഴിഞ്ഞാലുടൻ തന്നെ,ജയിക്കുന്നതിനായി അവർ ഏത്തപ്പഴം മുഴുവൻ തിന്നണം.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam


# 3 ദൈവം അത്ഭുതവാനാണ്

## ദൈവത്തെ അനുസരിക്കുക!



ശൂന്യാകാശ താവളങ്ങൾ:
വെലോസി സ്റ്റാർ






## പൊട്ടിത്തെറി!




ആദ്യത്തെ നാടകം

ഇന്നലെ രാത്രിയിൽ ശരിയായ ഉറക്കം ലഭിക്കാതിരുന്നതിനാൽ ഇന്ന് യന്ത്രമനുഷ്യൻ ആകെ പരാതിയിലാണ്, കാരണം അതിന് അല്പസമയം ഒന്നു മയങ്ങണം. ഓരോ പ്രാവശ്യവും ടേക്ക് ഓഫിനായി തയ്യാറെടുക്കുവാൻ ക്യാപ്ററൻ അതിനോട് ആവശ്യപ്പെടുമ്പോൾ, യന്ത്രമനുഷ്യൻ സമ്മതിക്കുന്നില്ലെന്ന് മാത്രമല്ല, അവൻ വളരെ മടുപ്പുള്ളതായും കാണപ്പെടുന്നു. റോബോട്ട് അനുസരിക്കാത്തതുമൂലം അവർ ബുദ്ധിമുട്ടുന്ന സമയത്ത്, ശ്രോതാക്കളെ ഇന്നത്തെ ആശയമായ, ദൈവത്തെ അനുസരിക്കുക എന്നുള്ളതും അതിന്റെ പ്രതികരണവും പഠിപ്പിക്കുക. ശ്രോതാക്കൾ മുകളിലോട്ട് ചാടി മാർച്ചുചെയ്തു കൊണ്ട്, എനിക്ക് മാററം സംഭവിക്കണം. എന്ന് പറയുകയും, യഥാർത്ഥത്തിൽ, മററുള്ള ഒരാളുമായി ഓരോരുത്തരും തങ്ങളുടെ ഇരിപ്പിടം മാറുകയും ചെയ്യുന്നു! അങ്ങനെ ശ്രോതാക്കൾ പലപ്പോഴും എഴുന്നേററുനിന്നു കൊണ്ട്, തുടർച്ചയായി തങ്ങളുടെ ഇരിപ്പിടം പരസ്പരം വെച്ചുമാറുകയും, "ദൈവത്തെ അനുസരിക്കുക" എന്ന വാക്കുകൾ ശ്രദ്ധിക്കുകയും ചെയ്യുക എന്നതാണ് ഇന്നത്തെ പാഠത്തിന്റെ ആശയം .

തുടക്കത്തിൽ യന്ത്രമനുഷ്യൻ സുഗമമായി പ്രവർത്തിക്കുന്നില്ലന്ന് മാത്രമല്ല, സംസാരിക്കുന്നതി
നേക്കാൾ ഉപരി,മററു പല ശബ്ദങ്ങളും പുറപ്പെടുവിക്കുന്നു, എന്നാൽ റോബോട്ടിനെ ഉണർത്തുന്നതിനായി ധാരാളം കഫേൻ നിറഞ്ഞതായ ഒരു വലിയ കൊക്കോ-കോള നൽകുന്നു(പോസ്ററർ ബോർഡോ, കാർബോർഡോ, ഉപയോഗിച്ച് കോക്കിന്റെയോ, കോഫിയുടെയോ,ബോട്ടിലിന്റെ ഒരു രൂപം ഉണ്ടാക്കുക). ഇപ്പോൾ ശൂന്യാകാശ പേടകത്തിനേക്കാളും, ധൂമകേതുവിനേക്കാളും, അല്ലെങ്കിൽ പ്രകാശത്തിന്റെ വേഗത്തെക്കാളും കൂടുതൽ വേഗത്തിൽ റോബോട്ട് എല്ലായിടത്തും ഓടിനടക്കുന്നു!
തീം സോംഗ് പാടിക്കൊണ്ട് ശൂന്യാകാശത്തിലേക്ക് ടേക്ക് ഓഫ് ചെയ്യുക. ഈ സമയത്ത്, അവർ എവിടേക്കാണ് പോകുന്നതെന്ന് തനിക്കറിയില്ലെന്ന് എന്ന കാര്യം യന്ത്രമനുഷ്യൻ തിരിച്ചറിയുന്നു, അതുകൊണ്ട് ക്യാപ്ററൻ അത് അവനോട് പറയുന്നു. ഏററവും അടുത്ത നക്ഷത്രത്തിലേക്ക് അവർ പോകുകയും, വെലോസിസ്റ്റർ എന്ന ശൂന്യാകാശ കേന്ദ്രത്തിൽ അവർ ലാൻഡ് ചെയ്യുകയും ചെയ്യുന്നു, അവിടെ അവർ മാററത്തെപ്പററി പഠിക്കുന്നതാണ്(ഈ സമയത്തെല്ലാം യന്ത്രമനുഷ്യൻ എല്ലായിടത്തും ഓടിനടക്കുന്നു.)
ഈ ആഴ്ചത്തെ ഏററവും ദൈർഘ്യം കുറഞ്ഞയാത്ര എന്ന നിലയിൽ എല്ലാവരും പെട്ടെന്നുതന്നെ ലാൻഡ് ചെയ്യുന്നകാര്യം ശ്രദ്ധിക്കുക.(കാരണം, ഏററവും അടുത്തുള്ള നക്ഷത്രത്തെയാണ് നാം സന്ദർശിക്കുന്നത്). തുടർന്ന് പാഠത്തിലേക്ക് വേഗം പ്രവേശിക്കുക. എല്ലാവരും പേടകത്തിൽ നിന്നും പുറത്തിറങ്ങിയാൽ ഉടൻതന്നെ, ക്യാപ്ററൻ തന്നെ ഓടിക്കുന്നതുപോലെ, റോബോട്ടിന് എല്ലായിടത്തും ഓടിനടക്കാവുന്നതാണ്.



## സന്ദേശ പ്രക്ഷേപണം

"ദൈവത്തെ അനുസരിക്കുക"

ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും വിദ്യാർത്ഥികൾ "ദൈവത്തിനായി കാത്തിരിക്കുക" എന്നു കേൾക്കുമ്പോൾ,വിദ്യാർത്ഥികൾ ഞാൻ തയ്യാർ എന്നു പറഞ്ഞുകൊണ്ട് മുൻപോട്ട് ചാടുകയും, ഗുസ്തിമത്സരത്തിലെപ്പോലെ നീങ്ങുകയും ചെയ്യണം,അതിനുശേഷം അവർ തങ്ങളുടെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട്,"പക്ഷേ ഞാൻ കാത്തിരിക്കണം"എന്നു പറഞ്ഞുകൊണ്ട് താഴെ ഇരിക്കണം.

## ലഭിക്കുന്ന സന്ദേശം



ബൈബിൾ വാക്യം

"അവന്റെ കല്പനകളെ പ്രമാണിക്കുന്നവൻ അവനിലും അവൻ ഇവനിലും വസിക്കുന്നു. അവൻ നമ്മിൽ വസിക്കുന്നു എന്ന് അവൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു" 1 യോഹന്നാൻ 3:24




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam



## ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

### ഈജിപ്റ്റിലെ (മിസ്രയീമിലെ) ബാധകൾ

പ്രധാന പാഠം



## ഗഗനസഞ്ചാര നിരീക്ഷണം

ദൈവം
**അത്ഭുതവാനാണ്**

ക്കുന്നു; ആകയാൽ വരിക; നീഎന്റെ ജനമായ യിസ്രയേൽമക്കളെ മിസ്രയിമിൽനിന്നു പുറപ്പെടുവിക്കേണ്ടതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയയ്ക്കും .ആകയാൽ നീ ചെയ്യുക; ഞാൻ നിന്റെ വായോടുകൂടെ ഇരുന്ന് നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ച് തരും. എന്നാൽ അവൻ: കർത്താവേ നിനക്ക് ബോധിച്ച മറ്റാരെയെങ്കിലും അയക്കേണമേ എന്നു പറഞ്ഞു. അപ്പോൾ യഹോവയുടെ കോപം മോശയുടെ നേരെ ജ്വലിച്ചു......

പിന്നെ മോശെ തന്റെ അമ്മാവിയപ്പനായ യിത്രോവിന്റെ അടുക്കൽ ചെന്നു അവനോട്: ഞാൻ പുറപ്പെട്ട് മിസ്രയീമിലെ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്ന്, അവർ ജീവനോടിരിക്കുന്നുവോ എന്ന് നോക്കട്ടേ എന്നു പറഞ്ഞു. (പുറപ്പാട് 3:9–10; 4:12–18).

അനുസരിക്കുക എന്നതു പ്രയാസമുള്ള കാര്യമാണ്. ആർക്കും അനുസരിക്കുവാൻ മനസ്സില്ല. ആർക്കും തന്നെ, തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം നിർത്തിവെച്ചിട്ട് മറ്റൊരാളെ അനുസരിക്കുവാൻ ആഗ്രഹമില്ല. ദൈവത്തെ അനുസരിക്കുക എന്നുള്ളത് പ്രത്യേകിച്ച് പ്രയാസമാണ് കാരണം നമുക്ക് യഥാർഥത്തിൽ ദൈവത്തെ കാണുവാൻ കഴിയുന്നില്ല, തന്മൂലം ദൈവം ഇല്ല എന്ന് നടിക്കുവാൻ നാം ശ്രമിക്കുകയും, അങ്ങനെ ദൈവത്തെ അനുസരിക്കേണ്ട എന്ന് കരുതുകയും ചെയ്യുന്നു. ഓരോരുത്തർക്കും തങ്ങളുടെ സ്വന്തം കാര്യം മാത്രം ചെയ്യണം എന്നാണ് താത്പര്യം. നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുവാൻ നിങ്ങൾക്കിഷ്ടമല്ലെങ്കിൽ, എന്തു സംഭവിക്കുമെന്ന് ഊഹിക്കുക, എന്നാൽ അക്കാര്യത്തിൽ നിങ്ങൾ ഒററയ്ക്കല്ല! മനുഷ്യരെല്ലാം ഈ രീതിയിലാണ് ജനിച്ചിരിക്കുന്നത്. നിങ്ങൾ ചിന്തിച്ചേക്കാവുന്നതുപോലെ, നമ്മൾ നല്ല കുഞ്ഞുമാലാഖമാരായിട്ടല്ല പിറന്നിരിക്കുന്നത്. നാം സ്വാർത്ഥതയോടെയും, ഈ ലോകമെല്ലാം നമുക്കുചുററുമാണ് കറങ്ങിക്കൊണ്ടിരിക്കുന്നത്. ചിലപ്പോൾ ദൈവത്തെ അനുസരിക്കണം എന്നു നാം അറിയുമ്പോൾ, നാം അത് ആഗ്രഹിക്കുന്നില്ല, നാം പിറുപിറുക്കുകയും അതിൽനിന്നു പുറത്തുകടക്കുന്നതിനായി കേണപേക്ഷിക്കുകയും ചെയ്യുന്നു. കൊള്ളാം, അതാണ് മോശെയും ചെയ്തത്.

തന്റെ ജനത്തെ അടിമത്വത്തിൽനിന്നും പീഢയിൽനിന്നും രക്ഷിക്കുക എന്ന അതിശയകരമായ ഒരു പദ്ധതി ദൈവത്തിന് ഉണ്ടായിരുന്നു. തന്റെ ജനത്തെ വിടുവിക്കുന്നതോടൊപ്പം, തന്റെ മഹത്വം ശ്രേഷ്ഠതയും അവരെ കാണിക്കണം എന്നും ദൈവത്തിന് ആഗ്രഹം ഉണ്ടായിരുന്നു. മിസ്രയീമ്യർ തന്റെ ജനത്തെ വിട്ടയയ്ക്കുന്നതുവരെ, അങ്ങനെ ദൈവം ജയിക്കുന്നതുവരെ, ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ വഷളാകുന്ന ബാധകളെ, ചില മോശം കാര്യങ്ങളുടെ ഒരു പരമ്പരയെത്തന്നെ, ഉപയോഗിക്കുവാൻ ദൈവം തീരുമാനിച്ചു. ഫറവോനോട് സംസാരിക്കുന്ന വ്യക്തി മോശെ ആയിരിക്കണമെന്ന് ദൈവം തീരുമാനിച്ചു. മോശെ ദൈവത്തിന്റെ ആളായിരുന്നു, എന്നാൽ മോശെയ്ക്ക് അനുസരിക്കുവാൻ മനസ്സില്ലായിരുന്നു.

തനിക്ക് മററുള്ളവരുടെ മുമ്പാകെ നന്നായി സംസാരിക്കുവാൻ കഴിയാത്തവനാണെന്നും അതുകൊണ്ട് ദൈവം മറെറാരാളെ കണ്ടുപിടിക്കുന്നതാണ്. നല്ലതെന്നും മോശെ ദൈവത്തോട് കേണുകേണപേക്ഷിച്ചു. മററാരെയെങ്കിലും അയയ്ക്കുവാനായി മോശെ ദൈവത്തോട് പറഞ്ഞുപോലും!!! എപ്പോഴെങ്കിലും നിങ്ങൾ നിങ്ങളുടെ മമ്മിയോട് നിങ്ങളെ എങ്ങോട്ടെങ്കിലും അയയ്ക്കരുതെന്നോ, നിങ്ങളെക്കൊണ്ട് എന്തെങ്കിലും ചെയ്യിക്കരുതെന്നോ കേണപേക്ഷിച്ചിട്ടുണ്ടോ?അപ്പോൾ നിങ്ങൾക്കറിയാം മോശെയ്ക്ക് ഇതെങ്ങനെ തോന്നിക്കാണുമെന്ന്. ദൈവത്തിന് ഒരു വലിയ പദ്ധതി ഉണ്ടായിരുന്നതിനാൽ, മോശെ ദൈവത്തെ അനുസരിക്കുന്നത് പ്രധാനപ്പെട്ട ഒരു കാര്യമായിരുന്നു. മോശെയുടെ എല്ലാ ഒഴിവുകഴിവുകളും ദൈവം മടുത്തു ദൈവത്തിന്റെ കോപം മോശെയുടെ നേരെ ജ്വലിച്ചു എന്ന് ബൈബിൾപറയുന്നു. മോശെ എന്തു ചെയ്തു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്???അത് ശരിയാണ്. ഒടുവിൽ അവൻ ദൈവത്തെ അനുസരിച്ചു.മോശെയുടെ വടി പാമ്പായിട്ട് മാറിയും, അത് തിരികെ വടിയാക്കി മാറിയും ദൈവിക പദ്ധതി, അവന്റെ മഹത്വം അത്ഭുതവും കാണിക്കുവാൻ ആരംഭിച്ചു. ദൈവജനത്തെ വിട്ടയയ്ക്കുവാൻ ഫറവോൻ വിസമ്മതിച്ചതുമൂലം ദൈവം ഓരോ ബാധകൾ അയയ്ക്കുവാൻ തുടങ്ങി, ഓരോ പ്രാവശ്യവും ഫറവോന് മാനസാന്തരപ്പെടുവാൻ ദൈവം അവസരം കൊടുത്തു, പക്ഷേ അവൻ അത് ചെയ്തില്ല. തുടർന്ന് ദൈവം ബാധകൾ ഓരോന്നായി അയയ്ക്കുവാൻ തുടങ്ങി: രക്തം, തവള,പേൻ,നായീച്ച,വ്യാധി, പുണ്ണ്, കൽമഴ, വെട്ടുക്കിളി, കൂരിരുട്ട്,കടിഞ്ഞൂൽ സംഹാരം. അതെല്ലാം കഴിഞ്ഞപ്പോൾ, ഒടുവിലായി ഫറവോൻ തന്റെ പരിശ്രമം ഉപേക്ഷിക്കുകയും ദൈവം ജയിക്കുവാൻ അനുവദിക്കുകയും ചെയ്തു. പുറപ്പെട്ടുപോകാൻ തക്കവണ്ണം ദൈവജനം സ്വതന്ത്രരായി. അവർ ദൈവത്തിന്റെ മഹത്വം ദർശിച്ചു!


ഒഴിവുകൾ ഉപേക്ഷിച്ച് ചാടിയെഴുന്നേററ് പോകുവാനും ദൈവത്തെ അനുസരിക്കാനും മോശെ തയ്യാറായതുകൊണ്ടാണ് ഇതെല്ലാം സംഭവിച്ചത്!



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

## ഭക്ഷണമുറി

# ബാധകൾ







### ലഘുഭക്ഷണ ശാല

വിവിധ ഘടകങ്ങൾ ഉപയോഗിച്ച് എപ്രകാരം ഒരു തവളയെ ചേർത്തുണ്ടാക്കാമെന്ന് കുട്ടികളെ കാണിക്കുക. ഒരു ചെറിയ ആപ്പിളോ അല്ലെങ്കിൽ കുക്കിയോ ശരീരത്തിനായി ഉപയോഗിക്കുക, പച്ച മുന്തിരി, സെലറി അല്ലെങ്കിൽ പ്രററ്സൽസ് കാലുകളായി ഉപയോഗിക്കാം. മിഠായികളോ, ഉണക്കമുന്തിരിങ്ങയോ, ചോക്കളേററു പീസുകളോ (ചെറിയ മാർഷ്മെല്ലോസിനു മുകളിൽ) കണ്ണുകളായി ഉപയോഗിക്കാം.കാരററിന്റെ ഒരു ചെറിയ അംശം നാക്ക് ആയിട്ട് മാററം. കൂടുതൽ തമാശയ്ക്കായി കുട്ടികൾ തങ്ങളുടെ തന്നെ തവളകളെ ഉണ്ടാക്കട്ടെ.

ഓപ്ഷണൽ:വെള്ളം രക്തമാക്കി മാററി എടുക്കുന്നതിനായി, ചുവപ്പുനിറമുള്ള പൊടിയുള്ള മിശ്രിതം(കുടിക്കുവാൻ ഉപയോഗിക്കുന്നത്) ഒരു ഇരുണ്ട(കറുത്ത) കണ്ടയ്നറിന്റെ അടിയിൽ മുൻകൂട്ടി വയ്ക്കുക. കുട്ടികൾ നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ, ഒരു തെളിഞ്ഞ കുടത്തിൽ നിന്നും ശുദ്ധമായ ജലം ഇതിലേക്ക് ഒഴിക്കുക. നിങ്ങൾ അത് കുലുക്കുമ്പോൾ (ഇളക്കുമ്പോൾ), അതിന് ചുവപ്പുനിറം ഉള്ളതായി മാറുന്നു.

## ഊഹാപോഹം

ലഘുഭക്ഷണ സമയത്ത് ശൂന്യാകാശയാത്രയുടെ പ്രയോജനങ്ങളെപ്പററി ചർച്ച ചെയ്യുക

## ചലനം

പ്രപഞ്ചത്തിൽ ദൈവം ചലനത്തെ നിയമിച്ചിരിക്കുന്നു. ആദിമുതൽതന്നെ, ഭൂമി അതിന്റെ അച്ചുതണ്ടിൽ (സാങ്കൽപിക) ചുററിക്കറങ്ങണമെന്നും സൂര്യനെ വലംവയ്ക്കണമെന്നും ദൈവം പദ്ധതി ചെയ്തിരിക്കുന്നു. എന്നാൽ നാം നിലത്തു നിൽക്കുമ്പോൾ. ചലിച്ചുകൊണ്ടിരിക്കുകയാണെന്നു നമുക്കു തോന്നാറേയില്ല. (കുട്ടികൾ ഒരു വൃത്തത്തിൽ ചുററിത്തിരിയുവാനും , അങ്ങനെ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ, ക്ലാസ്സിന്റെ മറുഭാഗത്തേക്ക് ഇരിക്കുകയും ചെയ്യുക. ഭൂമി ചുററിത്തിരിയുന്നതും വലം വയ്ക്കുന്നതും നമുക്കു അനുഭവപ്പെടുകയാണെങ്കിൽ നടക്കുവാൻ നമുക്കു പ്രയാസമാവില്ലേ. അതുപോലെ തന്നെ , പ്രപഞ്ചത്തിലും നമ്മുടെ ജീവിതത്തിലും ദൈവം ചലനത്തെ ആസൂത്രണം ചെയ്തിരിക്കുന്നു. നമ്മുടെ ജീവിതപാത പ്രയാസം നിറഞ്ഞതും ബുദ്ധിക്കു നിരക്കാത്തതായും കാണപ്പെട്ടാലും പ്രവർത്തനത്തിനുള്ള ചവിട്ടുപടികളും, നഷ്ടം ഏററെടുക്കുന്നതിനുള്ള സന്നദ്ധതയും നാം ദൈവത്തെ അനുസരിക്കുന്നതും നമ്മുടെ ജീവിതത്തിനുവേണ്ടിയുള്ള ദൈവിക പദ്ധതിയിൽ ഉൾപ്പെടുന്നു. വാസ്തവത്തിൽ ചലനം കൂടാതെയിരുന്നാൽ , നാം വേഗം മടുപ്പുള്ളവരും നമ്മെ രസിപ്പിക്കുന്ന മറേറതെങ്കിലും കാര്യങ്ങളിലേക്കു നാം ശ്രദ്ധതിരിക്കുകയും ചെയ്യും. ഭൂമി ചുററിത്തിരുഞ്ഞുകൊണ്ടേയിരിക്കുന്നതുപോലെ, ദൈവം നമ്മുടെ ജീവിതത്തിനു ആവശ്യമായ മാർഗ്ഗനിർദ്ദേശം തന്നുകൊണ്ടേയിരിക്കും. നമ്മുടെ പ്രതികരണം" അതേ കർത്താവേ" എന്നതും ചലനവും ആയിരിക്കണം.

## കേഡറ്റ് ക്ലാസ്



### ദൈവത്തെ അനുസരിക്കുക!

അടയാള ഭാഷയിൽ ഈ വാക്കുകൾ പഠിപ്പിച്ചുകൊണ്ട് കഥ പുനരവലോകനം ചെയ്യുക.തുടർന്ന് കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചോദ്യങ്ങൾ ചോദിക്കുന്ന ആളിനെ


#### രക്ഷിക്കുക

കുറുകെ പിടിച്ച കൈകൾ തുറക്കുക



#### ഒരുമിച്ച്

ഒന്നിച്ചു മുഷ്ടികളെ സ്പർശിക്കുക



#### ദൈവം

വലത്തെ ചൂണ്ടുവിരൽ പോയന്റു ചെയ്യുക. താഴെയും പിന്നെ നെഞ്ചിന്റെ അരികിലുമായി കരം തുറക്കുക.



#### ദൂരേയ്ക്കു പോകുക.



അടയ്ക്കുന്നതോടൊപ്പം വലതുകരം മുന്നോട്ടു ചലിപ്പിക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

എഞ്ചിനീയറിംഗ്

# നിങ്ങളുടെ ചെരിപ്പ് അഴിച്ചുമാററുക.

നൽകേണ്ടവ .
പേപ്പർ, നൂൽ അല്ലെങ്കിൽ സ്ട്രിംഗ് (ചരട്), ഒരു കുട്ടിക്ക് 2 വീതം, സുഷിരമിടുന്ന പഞ്ചിംഗ് മെഷീൻ, കത്രിക, പെൻസിൽ, പേന, മാർക്കർ.



നിബന്ധനകൾ.

1. പേപ്പറിലോ, ഫോമിയിലോ കുട്ടിയുടെ പാദം കണ്ടുപിടിക്കുക. (കുട്ടികൾക്ക് പരസ്പരം മറ്റുള്ള കുട്ടിയുടെ പാദത്തിനു ചുറ്റും വരയ്ക്കാം.
2. ഷൂവിന്റെ ആകൃതിയിൽ വെട്ടിയെടുത്ത്, വള്ളി കെട്ടുവാനുള്ള സുഷിരങ്ങൾ ഇടുക.
3. തങ്ങളുടെ കാലുകളിൽ പാദരക്ഷകൾ കെട്ടുന്നതിനായി ഓരോ കുട്ടിക്കും രണ്ടു വീതം നൂലോ ചരടോ നൽകുക.

വള്ളി കെട്ടുന്നതു ഏറ്റവും കൃത്യമാകണമെന്ന് വിഷമിക്കേണ്ട. കൊച്ചു കുട്ടികൾ വള്ളി കെട്ടുവാൻ ഇഷ്ടപ്പെടുകയും അത് അവരെ ചെറിയ പേശികളുടെ സംയോഗത്തെപ്പറ്റി പഠിപ്പിക്കുകയും ചെയ്യും. മുതിർന്ന കുട്ടികൾ നീളമുള്ള വള്ളികൾ കെട്ടുന്നതു ഇഷ്ടപ്പെടുകയും വളരെ സങ്കീർണ്ണമായി അവരുടെ പാദരക്ഷകൾ കെട്ടുകയും ചെയ്യും.

4. പാദരക്ഷയുടെ പുറത്ത് ഇപ്രകാരം എഴുതുക. "ഞാൻ ദൈവത്തോടു പ്രതികരിക്കും." "അതേ കർത്താവേ. അടിയൻ ഇതാ".

കളികൾക്കും സമാപനത്തിനുമായി തിരികെ പാലത്തിലേക്ക് (വലിയ ഗ്രൂപ്പിലേക്ക്)

ശൂന്യാകാശ ഗയിമുകൾ

# രസകരമായ ശബ്ദ സംവിധാനങ്ങൾ

1. ചുമയ്ക്കുക 2. ഇക്കിൾ 3. ഏമ്പക്കം 4. തുമ്മൽ 5. കൈയ്യടി 6. കോട്ടുവായിടുക 7. കുലുങ്ങിച്ചിരിക്കുക 8. തറയിൽ ചവിട്ട് 9. തൊണ്ട ശരിയാക്കുക.

ഓരോ ടീമിൽനിന്നും 3 വീതം കളിക്കാരെ ഇടയ്ക്കിടെ മാറ്റിക്കൊണ്ട് നിരത്തി നിർത്തുക.. നിങ്ങൾ ഉണ്ടാക്കുന്ന എല്ലാ ശബ്ദവും, അതേ ക്രമത്തിൽ തന്നെ കളിക്കാർ അനുകരിക്കണം.

പട്ടികയിലെ ഒന്നാമത്തെ ശബ്ദം ഉണ്ടാക്കുക. എല്ലാകളിക്കാരും വ്യക്തിപരമായി ശബ്ദമുണ്ടാക്കിക്കൊണ്ട്, പട്ടികയിൽതാഴേക്ക് പോകുക. തുടർന്ന് ഒന്നും രണ്ടും ശബ്ദങ്ങൾ ഉണ്ടാക്കുക,എല്ലാ കളിക്കാരും ആ രണ്ട് ശബ്ദവും അതുപോലെ ഉണ്ടാക്കുക. പിന്നെ മൂന്നാമത്തെ ശബ്ദം കൂടെ ചേർക്കുക, അങ്ങനെ മുന്നോട്ട് തുടരുക. ഒരു കളിക്കാരന് ഒരു ശബ്ദം ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിലോ, ഒരു ശബ്ദം മറന്നുപോയാലോ, അല്ലെങ്കിൽ അവയെ തെററായ ക്രമത്തിൽ പുറപ്പെടുവിക്കുകയോ ചെയ്താൽ, ആ കളിക്കാരൻ പുറത്തായി. അവസാനം ഒരു കളിക്കാരൻ അവശേഷിക്കുന്നതുവരെ ശബ്ദങ്ങൾ ചേർത്തുകൊണ്ടിരിക്കുക. അവന്റെ ടീമാണ് ജയിച്ച ടീം!

# ഒട്ടുന്ന തല


ഓരോ ടീമിലെയും ഒരാളുടെ വീതം നെററിയുടെയും താടിയുടെയും ചുററിലുമായി മാസ്കിംഗ് ടേപ്പ്(ഒരു വശം ഒട്ടുന്നത്) ചുററുക. ഒരു മേശയ്ക്ക് നെടുകെ പേപ്പറിന്റെ ചെറിയ തുണ്ടുകൾ ചിതറുക. കളിക്കാർ മേശയ്ക്ക് പിന്നിൽ, ശ്രോതാക്കളെ അഭിമുഖീകരിച്ച് നിന്ന് തങ്ങളുടെ കരങ്ങൾ പിന്നിലാക്കുക. ഗോ (പോകുക) എന്ന് നിങ്ങൾ പറയുമ്പോൾ, കളിക്കാർ മേശമേൽ തങ്ങളുടെ തല ഉരുട്ടിക്കൊണ്ട്, പരമാവധി പേപ്പർ തുണ്ടുകൾ തങ്ങളുടെ തലയിൽ ഒട്ടിപ്പിക്കുവാൻ ശ്രമിക്കുന്നു.ഒരു മിനിററിന്റെ അവസാനം ഏററവും കൂടുതൽ പേപ്പർ തുണ്ടുകൾ ലഭിക്കുന്ന കളിക്കാരൻ ജയിക്കുന്നു. (ഒരു കുട്ടിയ്ക്ക് നീണ്ട മുടി ഉണ്ടെങ്കിൽ മുടി വലിയുന്ന വേദന ഒഴിവാക്കാൻ, ടേപ്പ് ഒട്ടിക്കുന്നതിനുമുൻപ് മുടി പിന്നിലേക്ക് മാററുക).




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# 4 ദൈവം അതിഗംഭീരവാനാണ്

## ദൈവത്തിനായി കാത്തിരിക്കുക!



ശൂന്യാകാശത്താവളങ്ങൾ:
പിസ്റോ








## പൊട്ടിത്തെറി!

ആദ്യത്തെ നാടകം

ഇന്ന് ഏത് സ്ഥലത്തേക്കാണ് യാത്രയാവുന്നത് എന്നതിനെച്ചൊല്ലി ക്യാപ്റ്റനും യന്ത്രമനുഷ്യനും പരസ്പരം വഴക്കടിക്കുന്നതുമായി ഇന്നത്തെ വിബിഎസ്സ് ആരംഭിക്കുന്നു.ക്യാപ്റ്റൻ പറയുന്നത് ഇന്ന് ചന്ദ്രനിലേക്ക് പോകണമെന്നാണ്,എന്നാൽ,ഒരു ഉപഗ്രഹം ശൂന്യാകാശ കേന്ദ്രത്തിലേക്ക് പോകണമെന്നാണ്,എന്നാൽ, ഒരു ഉപഗ്രഹ ശൂന്യാകാശ കേന്ദ്രത്തിലേക്ക് പോകണമെന്നാണ് യന്ത്രമനുഷ്യൻ ആവശ്യപ്പെടുന്നത്.ടേക്ക് ഓഫിനായി തയ്യാറെടുക്കുന്നതിനിടെ അവർ അങ്ങോട്ടും ഇങ്ങോട്ടും വഴക്കടിക്കുന്നു.അവരുടെ വഴക്ക് വളരെ വലുതാണെന്ന് കാണിക്കുന്നതിനായി, പാട്ടുകൾക്ക് ഇടക്കുള്ള സമയം വഴക്ക് തുടർന്നുകൊണ്ടിരിക്കുക (ഒരു പാട്ട് പാടുക, തുടർന്ന് അവർ വഴക്കടിച്ചുകൊണ്ട് സ്റ്റേജിന് കുറുകെ ഓടട്ടെ,തുടർന്ന് അടുത്ത പാട്ട് പാടുക, എന്നിത്യാദി.)

ക്യാപ്റ്റൻ യന്ത്രമനുഷ്യനെ ഇന്നത്തെ പാഠത്തിന്റെ ആശയവും പ്രതികരണവും പഠിപ്പിക്കട്ടെ: "ദൈവത്തിനായി കാത്തിരിക്കുക" എന്ന് ഒരു ലീഡർ പറയുമ്പോൾ, കുട്ടികൾ "ഞാൻ തയ്യാർ" എന്നു പറഞ്ഞുകൊണ്ട് മുൻപോട്ടു ചാടുകയും ഗുസ്തി മത്സരത്തിലെപ്പോലെ നീങ്ങുകയും ചെയ്യണം,അതിനു ശേഷം അവർ തങ്ങളുടെ കൈകൾ ചേർത്തുവച്ചുകൊണ്ട്, "പക്ഷേ ഞാൻ കാത്തിരിക്കണം" എന്നു പറഞ്ഞുകൊണ്ട് താഴെ ഇരിക്കണം.

യന്ത്രമനുഷ്യൻ തന്റെ തെറ്റു മനസ്സിലാക്കുകയും ക്യാപ്റ്റനോട് ക്ഷമാപണം നടത്തുകയും ചെയ്യുന്നു. ഉപഗ്രഹത്തിൽ പോകുക എന്നത് ഒരു നല്ല ആശയം തന്നെയാണെന്നും,എന്നാൽ ഇന്നത്തെ പാഠത്തിനായി ഒരു ഗഗനസഞ്ചാരി ചന്ദ്രനിൽ കാത്തിരിക്കുന്നതുകൊണ്ട് യന്ത്രമനുഷ്യന് ആവശ്യമെങ്കിൽ നാളെ അവിടെക്ക് പോകാമെന്നും ക്യാപ്റ്റൻ സമ്മതിക്കുന്നു.ഇന്ന് ചന്ദ്രനിലും നാളെ ഉപഗ്രഹത്തിലും പോകാമെന്നുള്ള തീരുമാനത്തോടെ,തങ്ങളുടെ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടായതിനാൽ ക്യാപ്റ്റനും യന്ത്രമനുഷ്യനും സന്തോഷത്തിലാണ്,തന്മൂലം അവർ പരസ്പരം ആലിംഗനം ചെയ്യുകയും ചന്ദ്രനിലേക്കുള്ള ടേക്ക് – ഓഫിനായി തയ്യാറെടുക്കുകയും ചെയ്യുന്നു.ടേക്ക് – ഓഫിനു മുൻപായി, ചന്ദ്രനിൽ ഉപയോഗിക്കുവാനുള്ള ബൂട്ടുകൾക്കായി റോബോർട്ട് ചുറ്റും നോക്കുന്നു.


സ്റ്റേഷൻ പനാസ എന്ന സ്ഥലത്ത് എപ്രകാരം അവർക്ക് ലാൻഡുചെയ്യാൻ കഴിയുമെന്ന് ക്യാപ്റ്റൻ പങ്കുവെയ്ക്കുന്നു,അതോടൊപ്പം ശൂന്യാകാശ പേടകങ്ങളെക്കുറിച്ചും കാത്തിരിക്കുന്നതിനെക്കുറിച്ചും പഠിക്കുന്നതായിരിക്കും (യാത്ര ധ്രുതഗതിയിലാക്കികൊണ്ട് ഇന്നത്തെ പാഠത്തിനായി ചന്ദ്രനിൽ ലാൻഡ് ചെയ്യുക).

## ലഭിക്കുന്ന സന്ദേശം



ബൈബിൾ വാക്യം

“യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവനായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ” യെശ. 30:18



## സന്ദേശ പ്രക്ഷേപണം

"ദൈവത്തിനായി കാത്തിരിക്കുക"

ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും വിദ്യാർത്ഥികൾ "ദൈവത്തിനായി കാത്തിരിക്കുക" എന്നു കേൾക്കുമ്പോൾ,വിദ്യാർത്ഥികൾ ഞാൻ തയ്യാർ എന്നു പറഞ്ഞുകൊണ്ട് മുൻപോട്ട് ചാടുകയും, ഗുസ്തിമത്സരത്തിലെപ്പോലെ നീങ്ങുകയും ചെയ്യണം,അതിനുശേഷം അവർ തങ്ങളുടെ കൈകൾ ചേർത്തുപിടിച്ചുകൊണ്ട്,"പക്ഷേ ഞാൻ കാത്തിരിക്കണം"എന്നു പറഞ്ഞുകൊണ്ട് താഴെ ഇരിക്കണം.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

(പ്രധാന പാഠം)

## പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവും

ഫറവോൻ അടുത്തുവരുമ്പോൾ യിസ്രായേൽ മക്കൾ തല ഉയർത്തി മിസ്രയീമ്യർ പിന്നാലെ വരുന്നതു കണ്ട് ഏറ്റവും ഭയപ്പെട്ടു. യിസ്രായേൽ മക്കൾ യഹോവയോട് നിലവിളിച്ചു. അവർ മോശയോട് മിസ്രായേൽ ശവക്കുഴിയില്ലാഞ്ഞിട്ടോ നീ ഞങ്ങളെ മരുഭൂമിയിൽ മരിപ്പാൻ കൂട്ടിക്കൊണ്ടു വന്നത്. നീ ഞങ്ങളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിച്ചതിനാൽ ഞങ്ങളോട് ഈ ചെയ്തത് എന്ത് മിസ്രയീമ്യർക്ക് വേല ചെയ്യാൻ ഞങ്ങളെ വിടേണം എന്നു ഞങ്ങൾ മിസ്രയീമിൽ വെച്ച് നിന്നോട് പറഞ്ഞില്ലയോ മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്ക് വേല ചെയ്യുന്നതായിരുന്നു ഞങ്ങൾക്ക് നല്ലത് എന്നു പറഞ്ഞു. അതിനു മോശ ജനത്തോട് 'ഭയപ്പെടേണ്ട ഉറച്ചുനില്പിൻ യഹോവ ഇന്നു നിങ്ങൾക്ക് ചെയ്യാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരുനാളും കാണുകയില്ല.യഹോവ നിങ്ങൾക്കു വേണ്ടി യുദ്ധം ചെയ്യും നിങ്ങൾ മിണ്ടാതിരിപ്പിൻ' എന്നു പറഞ്ഞു (പുറപ്പാട് 14:1014)

യിസ്രായേൽ മക്കൾ ദൈവത്തിനായി കാത്തിരിക്കുന്നത് എപ്രകാരം പഠിച്ചു എന്നാണ് ഇന്ന് നാം പഠിക്കുവാൻ പോകുന്നത്.ജനം പുറപ്പെട്ടു പോകുവാൻ മിസ്രയീമ്യർ അനുവദിച്ചതിനു ശേഷം അവർ പശ്ചാത്തപിച്ചു.ഉടൻ തന്നെ ഫറവോൻ യിസ്രായേൽജനത്തെ പിന്തുടർന്ന് അവരെ അടിമത്തത്തിലേക്ക് തിരികെ കൊണ്ടുവരാൻ തീരുമാനിച്ചു. ഇനിയും തങ്ങൾ ആർക്കും അടിമകളല്ല എന്നുള്ള യിസ്രയേൽജനത്തിന്റെ വൻവിജയം പെട്ടെന്ന് നഷ്ടമായി.ശത്രുക്കൾ അവരെ പിന്തുടരുകയും അവർ ഭയപ്പെടുകയും ചെയ്തു.

അവർ പരാതി പറയുവാൻ തുടങ്ങുകയും മിസ്രയീമിലേക്ക് തിരികെ പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന് ആശിക്കുകയും ചെയ്തു. തങ്ങൾ മരുഭൂമിയിൽ ശത്രുക്കളാൽ പിന്തുടരപ്പെട്ടതുകൊണ്ട്,വാസ്തവത്തിൽ സ്വാതന്ത്ര്യത്തേക്കാൾ അടിമത്വം അവർ ആഗ്രഹിച്ചു . ദൈവത്തിനായി കാത്തിരിക്കുക എന്നുള്ള അവരെ സംബന്ധിച്ചിടത്തോളം , അവസാനകാര്യമായിരുന്നു. ദൈവമഹത്വം തങ്ങളെ സംരക്ഷിക്കുന്നത് കണ്ടിട്ടും ജനം ഭയപ്പെട്ടു എന്നതിൽ അത്ഭുതപ്പെടാനില്ലേ? ജനം യാത്ര ചെയ്തപ്പോൾ അവർക്കുവേണ്ടി ഏററവും അതിശയകരമായ കാര്യങ്ങൾ ദൈവം ചെയ്തു! പകൽസമയത്ത് അവരെ നയിക്കുവാനായി ഒരു വലിയ മേഘസ്തംഭത്തെയും, രാത്രിയിൽ അവരെ നയിക്കുവാനും അവർക്ക് വെളിച്ചം നൽകുവാനുമായി ദൈവം ഒരു വലിയ അഗ്നിസ്തംഭത്തെയും അയച്ചു! ദശലക്ഷത്തിൽപരം ആളുകൾ ഒരു മരുഭൂമിയിൽക്കൂടി നടന്നുപോകുന്നതും അവർക്ക് മുൻപായി ഒരു അഗ്നിത്തൂൺ കടന്നുപോകുന്നതും നിങ്ങൾക്ക് ഭാവനയിൽ കാണുവാൻ സാധിക്കുന്നുണ്ടോ? കൃത്യമായി എത്ര ആളുകൾ അവിടെ ഉണ്ടായിരുന്നു എന്നോ, അഗ്നിസ്തംഭത്തിന് എത്രമാത്രം ഉയരം ഉണ്ടായിരുന്നു എന്നോ നമുക്കറിയില്ല, എന്നാൽ അവിടെ ഒരു വലിയ ജനക്കൂട്ടം ഉണ്ടായിരുന്നു, തന്മൂലം അതൊരു ചെറിയ തീനാളം ആയിരിക്കുവാൻ സാധ്യമല്ല. (600,000 /യുദ്ധസന്നദ്ധരായ പുരുഷൻമാർ ഉണ്ടായിരുന്നങ്കിൽ, സ്ത്രീകളും കുട്ടികളും വൃദ്ധരുമുൾപ്പെടെ 2 ദശലക്ഷത്തോളം ആളുകൾ അവിടെ ഉണ്ടായിരുന്നിരിക്കാം എന്ന് പണ്ഡിതന്മാർ കണക്കാക്കിയിട്ടുണ്ട്). ഇത് അത്ഭുതകരവും ശ്രേഷ്ഠവുമാണ്! അവർ യാത്രചെയ്തപ്പോൾ, ഒരു ഭീമാകാരമായ അഭൗമിക അടയാളത്താൽ ദൈവം അവരെ നയിച്ചു, എന്നിട്ടും ശത്രുക്കൾ അവരുടെ നേരെ വന്നപ്പോൾ അവർ ഭയപ്പെട്ടുപോയി. നാം ദൈവത്തെ അനുസരിച്ച് ജീവിക്കാൻ ശ്രമിക്കുമ്പോൾ, യിസ്രേയേൽ ജനത്തേപ്പോലെ നിങ്ങളും ഞാനും പലപ്പോഴും ഭയപ്പെടുന്ന അവസ്ഥ ഉണ്ടാകാറുണ്ടു. ചിലപ്പോൾ നമ്മുടെ സാഹചര്യങ്ങൾ, നമുക്ക് എങ്ങോട്ടും തിരിയുവാൻ പററാത്ത മരുഭൂമിയെപ്പോലെ കാണപ്പെടാറുണ്ട്, അതോടൊപ്പം ശത്രുനമ്മെ പിന്തുടരുന്നതായും തോന്നാറുണ്ട്. നാം ദൈവത്തിന്റെ അതിശയങ്ങളും ശ്രേഷ്ഠതകളും, അവന്റെ അത്ഭുത പ്രവർത്തികളും കാണുകയും അവൻ നമ്മെ വിടുവിച്ചതായ അവസരങ്ങളെയും ഓർക്കാറുണ്ട്. എന്നാൽ നാം ഭയന്നുപോയാൽ ദൈവത്തിനായി കാത്തിരിക്കുക എന്നത് പ്രയാസമാണ്.

രണ്ടുകാര്യങ്ങൾ ചെയ്യുവാൻ മാത്രമേ ഒരു പക്ഷേ യിസ്രേയേല്യർ ചിന്തിച്ചുകാണുകയുള്ളു, ഒന്നുകിൽ ഓടിയകലുക, അല്ലങ്കിൽ യുദ്ധം ചെയ്യുക. അവിടെ ഇരുന്ന് ദൈവത്തിനായി കാത്തിരിക്കുവാൻ ഒരു പക്ഷേ അവരിൽ ആരുംതന്നെ ചിന്തിച്ചിട്ടുണ്ടാവില്ല. എന്തെങ്കിലും ആപത്ത് പെട്ടന്ന് വരാൻ തുടങ്ങുന്നു എന്നു കേൾക്കുമ്പോൾ ആർക്കാണ് കാത്തിരിക്കുവാൻ കഴിയുന്നത്??? എല്ലാവർക്കും അറിയാവുന്നത്, ഒന്നുകിൽ യുദ്ധം ചെയ്യുക, അല്ലങ്കിൽ ഓടിയകലുക, എന്നാൽ ദൈവത്തിന് ഒരു പദ്ധതിയുണ്ടായിരുന്നു. മോശെ ദൈവത്തിന്റെ പദ്ധതി കേൾക്കുകയും അത് എല്ലാവരോടും പങ്കുവെക്കുകയും ചെയ്തു.... ദൈവം നിങ്ങൾക്കായി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ. അവർ ദൈവത്തിനായി കാത്തിരിക്കുമ്പോൾ, അവർക്കുവേണ്ട് യുദ്ധം ചെയ്യുക എന്നതായിരുന്നു ദൈവത്തിന്റെ പദ്ധതി!

നിങ്ങളിൽ എത്രപേർ ശാന്തമായി കാത്തിരിക്കുവാൻ ഇഷ്ടപ്പെടുന്നു? ചിലപ്പോൾ നിങ്ങളും ഞാനും പ്രശ്നങ്ങളിൽ അകപ്പെടുന്നതുപോലെ ഈ ജനവും പ്രതിസന്ധിയിലായിരുന്നു. അവരെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി അവർ ദൈവത്തിനായി കാത്തിരിക്കുകയും, ദൈവത്തെ യുദ്ധം ചെയ്യുവാൻ അനുവദിക്കുകയും ചെയ്യുക എന്നുള്ളതായിരുന്നു. അടുത്ത പ്രാവശ്യം നിങ്ങൾ പ്രശ്നത്തിലകപ്പെടുമ്പോൾ, നിങ്ങൾക്കുവേണ്ടി ദൈവം യുദ്ധം ചെയ്യുന്നില്ലേ എന്ന് ദൈവത്തോട് ചോദിക്കുക. യിസ്രയേല്യർ ചെയ്തതുതന്നെയാണ് നിങ്ങളുടെയും കർത്തവ്യം: ദൈവത്തിനായി കാത്തിരിക്കുക എന്നത്!



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

ഭക്ഷണമുറി

## മേഘ സ്തംഭങ്ങൾ

### ലഘുഭക്ഷണ ശാല

യിസ്രായേല്യരെ മരുഭൂമിയിൽ വഴിനടത്തിയ മേഘസ്തംഭത്തെ പ്രതിനിധാനം ചെയ്യുവാൻ പോപ്കോണിന് കഴിയും.
മേഘസ്തംഭം ഉണ്ടാക്കുന്നതിന്, കട്ടിയുള്ള സിറപ്പിനുള്ളിലേക്ക് ഒരു വടി മുക്കിയതിനുശേഷം, ഒരു പാത്രത്തിനുള്ളിൽ വെച്ചിരിക്കുന്ന പോപ്കോണിലേക്ക് അത് വയ്ക്കുക, അപ്പോൾ വടിയിൽ കെർണൽസ് ധാരാളമായി ഒട്ടിപ്പിടിക്കും.ഇത് കൂടുതൽ രസകരമാക്കുന്നതിന്, കുട്ടികൾ തങ്ങളുടേതായ സ്റ്റിക്കുകൾ ഉണ്ടാക്കട്ടെ.



## ഊഹാപോഹം

ലഘുഭക്ഷണ സമയത്ത് ശൂന്യാകാശയാത്രയുടെ പ്രയോജനങ്ങളെപ്പറ്റി ചർച്ച ചെയ്യുക

## ശൂന്യാകാശപേടകങ്ങൾ

മനുഷ്യൻ ചന്ദ്രനെ കാണുന്ന കാലം മുതൽ അതിലേക്ക് യാത്രചെയ്യുവാനും ആഗ്രഹിച്ചിട്ടുണ്ട്. ശൂന്യാകാശയാത്രയിലെ അത്ഭുതകരമായ, ഈ ഒരു നിമിഷത്തെപ്പറ്റി ചിന്തിക്കുക: ചന്ദ്രനിലേക്കുള്ള യാത്രയിൽ, ടേക്കോഫ് കഴിഞ്ഞാലുടൻ തന്നെ, ഗഗനസഞ്ചാരികൾ എസ്കേപ്പ് വെലോസിററി എന്ന അവസ്ഥയിലെത്തുകയും, തുടർന്നുള്ള അവരുടെ യാത്രയിൽ വാഹനത്തിന്റെ എൻജിൻ ഓഫ് ചെയ്തെടുക്കുകയും ചെയ്യുന്നു. അതിന്റെ മോട്ടോറുകളെല്ലാം പൂർണ്ണമായും ഓഫ് ആക്കപ്പെടുന്ന ആ നിമിഷം,
ശൂന്യാകാശപേടകം അതിന്റെ ഏറ്റവും വേഗതയേറിയ അവസ്ഥയിലായിരിക്കും യാത്ര ചെയ്തുകൊണ്ടിരിക്കുന്നത്! നിങ്ങളുടെയും എന്റെയും കാര്യവും ഇതുപോലെയാണ്. മിക്കപ്പോഴും നാം കഠിനാദ്ധ്വാനം ചെയ്യണമെന്നും, നാം എത്തേണ്ടയിടത്ത് എത്തുന്നതിനായി ഉന്തുകയും തള്ളുകയും ചെയ്യണം എന്നും ചിന്തിക്കുന്നു. എങ്കിലും ഗഗനസഞ്ചാരികൾ ശൂന്യാകാശപേടകത്തിലായിരിക്കുന്നതുപോലെ, ദൈവം പലപ്പോഴും നമ്മോട് ശാന്തമായിരിപ്പാനും കാത്തിരിക്കുവാനും ആവശ്യപ്പെടുന്നു.നാം പരിപൂർണ്ണമായും അടങ്ങിയിരിക്കുകയും, ദൈവം നമ്മെക്കുറിച്ച് കരുതുന്നതിനായിട്ടും നാം അനുവദിക്കണം, ബൃഹത്തായ ശൂന്യാകാശത്തിന്റെ പരപ്പിൽവെച്ച്, എങ്ങുമെത്താത്ത സ്ഥാനത്തുവെച്ച്,തങ്ങളുടെ ഭീമൻ റോക്കറ്റിന്റെ എൻജിൻ ഓഫ് ചെയ്യുവാനും, തങ്ങൾ പോകേണ്ടതായ പാതയിൽക്കൂടെ അതിവേഗം തങ്ങൾ യാത്ര ചെയ്തു കൊണ്ടേയിരിക്കുകയാണെന്നും വിശ്വസിക്കുന്നത് പ്രയാസമുള്ള കാര്യമാണ്! ദൈവം നമ്മോട് കാത്തിരിക്കുവാൻ ആവശ്യപ്പെടുമ്പോൾ,വാസ്തവത്തിൽ നാം വേഗത്തിൽ യാത്ര ചെയ്തു കൊണ്ടിരിക്കുകയാണെന്ന് അറിഞ്ഞിട്ട് നമുക്കും ആശ്വസിപ്പാൻ കഴിയണം!

കേഡറ്റ് ക്ലാസ്


### ദൈവത്തിനായി കാത്തിരിക്കുക!

അടയാള ഭാഷയിൽ ഈ വാക്കുകൾ പഠിപ്പിച്ചുകൊണ്ട് കഥ പുനരവലോകനം ചെയ്യുക.തുടർന്ന് കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചോദ്യങ്ങൾ ചോദിക്കുന്ന ആളിനെ



### കാണുക

വലതു കൈയുടെ രണ്ടു വിരലുകൾ കണ്ണിൽ നിന്നും ദൂരെ പിടിക്കുക



### ആളുകൾ

കയ്യിലെ തള്ളവിരലും കൈപ്പത്തിയിലെ മദ്ധ്യവിരലുകളും തമ്മിൽ സ്പർശിച്ചുകൊണ്ട്, ഇടവിട്ട് ആന്തരിക വൃത്തങ്ങൾ രൂപികരിക്കുക



### വാഗ്ദാനം

ചുണ്ടുകളിന്മേൽ വലതുകൈയ്യിലെ ചൂണ്ടുവിരൽ ഇടതുകൈയിലെ മുഷ്ടി തുറക്കുവാനായി ചലിക്കുക



## ഗഗനസഞ്ചാര നിരീക്ഷണം

[ ദൈവം
അതിഗംഭീരവാനാണ് ]



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

എഞ്ചിനീയറിംഗ്

# ഗ്യാലക്സി എക്സ്പ്രസ്സ് റോക്കറ്റ്

വിതരണം ചെയ്യേണ്ടവ:

* ഓരോ കുട്ടിയ്ക്കും ശൂന്യാകാശ പേടകത്തിന്റെ മാതൃകയുടെ ഒരു കോപ്പി
* കത്രിക ( കുട്ടികൾ തങ്ങളുടേതായ റോക്കറ്റുകൾ വെട്ടിയെടുക്കുന്നുവെങ്കിൽ കൊച്ചുകുട്ടികൾക്കുവേണ്ടി, കൂട്ടിയോജിപ്പിക്കുന്ന സൗകര്യത്തിനായി, അവരുടെ ടീച്ചർ ശൂന്യാകാശപേടകത്തിന്റെ മാതൃക മുന്നമേ മുറിച്ചുവയ്ക്കണം.)

*ക്രയോൺസ് അല്ലെങ്കിൽ നിറമുള്ള പെൻസിലുകൾ

*ടേപ്പ് അല്ലെങ്കിൽ പശ

മറ്റു മാർഗ്ഗങ്ങൾ: ഒഴിഞ്ഞ ഒരു ടോയ്‌ലറ്റ് പേപ്പർ ട്യൂബ് ഉപയോഗിക്കുക

മറ്റു മാർഗ്ഗങ്ങൾ: കൂടുതൽ അലങ്കാരത്തിനായി, ചെറിയ നക്ഷത്രങ്ങളോ അലുമിനിയംഫോയിലിന്റെ കഷണങ്ങളോ ഒട്ടിക്കുക.



നിബന്ധനകൾ

1. നേർരേഖയിലൂടെ എല്ലാ കഷണങ്ങളും വെട്ടിയെടുക്കുക
2. ഓരോ ഭാഗത്തിനും നിറം കൊടുക്കുക
3. ഗ്യാലക്സി എക്സ്പ്രസ്സ് ഒരു ട്യൂബിന്റെ ആകൃതിയിൽ ചുരുട്ടിയതിനുശേഷം ഉറച്ചിരിക്കുന്നതിനായി ടേപ്പോ പശയോ ഒട്ടിച്ചു വയ്ക്കുക
4. റോക്കറ്റിന്റെ ചുവടുഭാഗത്ത് പിടിപ്പിക്കുന്നതിനായി ഫിൻസിന് ടാബുകളുണ്ട്. റോക്കറ്റിലേക്ക് ഘടിപ്പിക്കുന്നതിനു മുമ്പായി അവയെ പരസ്പരം ബന്ധിപ്പിക്കുന്നതിന് അവ കുറുകയാണോ ഇരിക്കുന്നത് എന്ന് ശ്രദ്ധിക്കുക
5. ടോയ്‌ലറ്റ് പേപ്പർ ട്യൂബ് ഉപയോഗിക്കുന്നുവെങ്കിൽ ടോപ്പ് കോണിൽ പിടിപ്പിക്കുന്നതിനു മുൻപായി, ഫിൻസിൽ നിന്നുള്ള ടാബുകൾക്ക് മുകളിൽ മടക്കി വയ്ക്കുന്നതിനായി അവ അകത്തോട്ട് കടത്തുകയും സാവധാനം തിരിയ്ക്കുകയും ചെയ്യുക
6. കുത്തുകൾ ഇട്ട വരയുടെ മുകളിലെത്തുന്നതുവരെ കോൺ രൂപികരിക്കുക. റോക്കറ്റിന്റെ മുകളിലായി ടാബുകൾ ടേപ്പു വച്ചോ പശ ചേർത്തോ ഒട്ടിക്കുക

കളികൾക്കും സമാപനത്തിനുമായി തിരികെ പാലത്തിലേക്ക് (വലിയ ഗ്രൂപ്പിലേക്ക്)

# നൂഡിൽ ജോസ്ററിങ്ങ്

ഒരു ടീമിൽ നിന്നുള്ള ഒരു കുട്ടി വീതം, രണ്ടു കുട്ടികൾ പങ്കെടുക്കുക. ഈ കുട്ടികൾ ഒരു തടി കഷണത്തിന്മേൽ നില്ക്കുന്നു (2" 6"). വാൾ ഉപയോഗിക്കുന്നതുപോലെ ഒരു സ്വിം നൂഡിൽ ഉപയോഗിച്ചുകൊണ്ട്, മറ്റേ കുട്ടിയുടെ തലയിൽ തൊടാതെ ( അടിക്കാതെ) ഒരു കുട്ടി മറ്റേ കുട്ടിയെ തടി കഷണത്തിൽനിന്നും പുറത്താക്കുവാൻ ശ്രമിക്കുന്നു. ഒരു കാൽ തറയിൽ തൊടുന്ന കളിക്കാരൻ ഉടൻ പുറത്താകുന്നു.അവശേഷിക്കുന്ന കളിക്കാരൻ ജയിക്കുന്നതിനായി തടിക്കഷണത്തിന്മേൽ ബാലൻസ് പിടിച്ച് നില്ക്കണം.കുട്ടികൾക്ക് അപകടം ഉണ്ടാകാതിരിക്കുന്നതിനായി തടികഷണം അധികം ഉയരത്തിൽ വയ്ക്കരുത്.സ്വിം നൂഡിലിന് പകരമായി മൃദുവായ എന്തെങ്കിലും അപകടം ഒഴിവാക്കുന്നതിനായി ഉപയോഗിക്കുക.

# ഒരു പിരമിഡ് നിർമിക്കുക

ഓരോ ടീമും 6 കുട്ടികളെ ഉപയോഗിച്ചുകൊണ്ട് എത്രയും വേഗത്തിൽ ഒരു പിരമിഡ് നിർമ്മിക്കുന്ന ലളിതമായ ഒരു കളിയാണിത്. പ്രേക്ഷകരെ അഭിമുഖീകരിച്ചുകൊണ്ട് മൂന്നു കളിക്കാർ തറയിൽ മുട്ടുകുത്തി നില്ക്കുന്നു. അടുത്ത രണ്ടു കളിക്കാർ അവരുടെ പിമ്പിൽ മുട്ടിന്മേൽ നില്ക്കുന്നു. തുടർന്ന് ഏറ്റവും ചെറിയ കളിക്കാരൻ അവരുടെ മുകളിൽ കയറി മദ്ധ്യനിരയിലുള്ളവരുടെമേൽ മുട്ടുകുത്തി നില്ക്കുന്നു. ആദ്യം പിരമിഡ് പൂർത്തിയാക്കുന്ന ടീം വിജയിക്കുന്നു.




www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam


# 5 ദൈവം ഭയങ്കരനാണ്


## ദൈവത്തെ ആരാധിക്കുക!

ശൂന്യാകാശ ത്താവളങ്ങൾ:

എക്സ്പ്ലോറ്റെലൈറ്റ്











## പൊട്ടിത്തെറി!

### ആദ്യത്തെ നാടകം

ലോകത്തിലെ മാത്രമല്ല, പ്രപഞ്ചത്തിലുള്ളതിലും വെച്ച് ഏറ്റവും നല്ല റോബോട്ട് താനാണെന്ന ഭാവത്തിൽ ആണ് ഇന്ന് യന്ത്രമനുഷ്യൻ പെരുമാറുന്നത്. തന്മൂലം അവൻ എത്ര അതിശയവാനാണ് എന്ന് പറഞ്ഞ് ക്യാപ്റ്റൻ തന്നെ പുകഴ്ത്തണമെന്ന് യന്ത്രമനുഷ്യൻ ആവശ്യപ്പെടുന്നു. എന്നാൽ ദൈവമാണ് ഏറ്റവും അതിശയവാൻ, മനുഷ്യരല്ല, എന്ന് ക്യാപ്റ്റൻ ചൂണ്ടിക്കാണിക്കുന്നുവെങ്കിലും, താൻ പൂർണ്ണനാണെന്നാണ് യന്ത്രമനുഷ്യൻ കരുതുന്നത്.
ഇന്നലെ താൻ പോകുവാൻ ആഗ്രഹിച്ച ഉപഗ്രഹത്തിലാണ് ഇന്ന് എല്ലാവരും പോകുന്നത് എന്നറിഞ്ഞ് യന്ത്രമനുഷ്യൻ വളരെ ആകാംക്ഷഭരിതനാണ്. അതുകൂടാതെ അവിടെ വലിയൊരു സിനിമാപ്രദർശനവുമുണ്ടെന്ന് സൂചിപ്പിക്കുന്നു! ഒരു നക്ഷത്രവിസ്ഫോടനം, ഒരു സൂപ്പർനോവ, എന്നതാണ് അവരിന്ന് സാക്ഷ്യം വഹിക്കുവാൻ പോകുന്ന സംഭവം!

ഒരു ഉപഗ്രഹമായ "എക്സ്പ്ലോറ്റലൈറ്റ് "എന്ന ശൂന്യാകാശകേന്ദ്രത്തിലേക്ക് ഉടൻ തന്നെ ടേക്ക് ഓഫ് ചെയ്യുവാൻ തക്കവണ്ണം അവർ എല്ലാവരും പെട്ടെന്നുതന്നെ തയ്യാറാകുന്നു. കാര്യങ്ങളെല്ലാം ഭംഗിയായിട്ടാണ് ചെയ്യുന്നതെന്ന് യന്ത്രമനുഷ്യൻ കരുതുന്നതെങ്കിലും, താൻ തെറ്റുകളാണ് കാട്ടിക്കൂട്ടുന്നതെന്ന് തെളിയിക്കുന്ന ലഘുനാടകം കാണിക്കുക. ഉദാഹരണമായി, പേടകം പറന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ, തനിക്ക് പറക്കുവാൻ കൈകളുടെ ആവശ്യം ഇല്ലാ എന്ന് പറയുകയും, ഉടനെ ഷൂസ് കെട്ടുവാനായി തിരിയുകയും ചെയ്യുന്നു. അവൻ നോക്കാതെയിരിക്കുമ്പോൾ, അന്തരീക്ഷത്തിൽ പറന്നുനടന്നുകൊണ്ടിരിക്കുന്ന ഒരു ധൂമകേതുവിൽ ഇടിക്കാതെ ക്യാപ്റ്റൻ പെട്ടെന്ന് ചക്രത്തിൽ പിടിക്കുന്നു!
തന്റെ പിഴവുകൾ ഒരു നിമിഷത്തേക്ക് ശ്രദ്ധിക്കാതെ യന്ത്രമനുഷ്യൻ വലിയൊരു തെറ്റിൽ അകപ്പെടുകയും, തനിക്കത് മോശമായി തോന്നുകയും ചെയ്യുന്നു.
വി.ബി.എസിന്റെ ഇന്നത്തെ ആശയമായ, "ദൈവത്തെ ആരാധിക്കുക" എന്നുള്ളകാര്യം ക്യാപ്റ്റൻ പങ്കുവെയ്ക്കുകയും, അത് ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ചാണെന്നു, സ്വയമായി പുകഴ്ത്തുന്നതിനെപ്പറ്റിയല്ല എന്നും വിശദമാക്കുന്നു! തുടർന്ന്, തങ്ങളുടെ കരങ്ങൾ മുകളിലേക്ക് ഉയർത്തി വായുവിൽ ആട്ടിക്കൊണ്ട്, ഞാൻ അങ്ങയെ ആരാധിക്കുന്നു എന്ന് ദൈവത്തോട് ഉച്ചത്തിൽ പ്രതികരിക്കുവാൻ ക്യാപ്റ്റൻ ശ്രോതാക്കളെയും യന്ത്രമനുഷ്യനെയും പഠിപ്പിക്കുന്നു. അവർ ഉപഗ്രഹത്തിനോടടുക്കുമ്പോൾ, മാർഗ്ഗനിർദ്ദേശങ്ങൾക്കായുള്ള ഗൂഗിൾമാപ്പുകൾ താൻ എടുക്കാൻ മറന്നുപോയെന്നുള്ള കാര്യം ക്യാപ്റ്റൻ തിരിച്ചറിയുന്നു. തന്മൂലം ഉപഗ്രഹത്തിലേക്ക് എങ്ങനെ പ്രവേശിക്കണമെന്ന് ക്യാപ്റ്റൻ അറിയുന്നില്ല. അവർ കുറെ പ്രാർത്ഥിക്കുന്നു, വലത്തോട്ടു തിരിയുന്നു, പിന്നെ ഇടത്തോട്ട് തിരിയുന്നു, ഒടുവിൽ അവർ കൃത്യമായി ശരിയായ ശൂന്യാകാശകേന്ദ്രത്തിൽ തന്നെ എത്തിച്ചേരുന്നു! ദൈവമാണ് ശരിയായ വഴി കണ്ടുപിടിക്കാൻ ഞങ്ങളെ സഹായിച്ചത് എന്ന് ക്യാപ്റ്റനും യന്ത്രമനുഷ്യനും തിരിച്ചറിയുകയും, തങ്ങളുടെ കരങ്ങൾ മുകളിലേക്ക് വായുവിൽ ഉയർത്തികൊണ്ട് "ഞാൻ അങ്ങയെ ആരാധിക്കുന്നു" എന്ന് ഉച്ചത്തിൽ ദൈവത്തോട് പറയുകയും ചെയ്യുന്നു.
ലാൻഡിംഗിനു ശേഷം, ഒരു സൂപ്പർനോവയെ കാണുവാനുള്ള ആകാംഷയോടെ അവർ സ്റ്റേജിൽനിന്നും പുറത്തേക്ക് വരുന്നു.



## സന്ദേശ പ്രക്ഷേപണം

**ദൈവത്തെ ആരാധിക്കുക**

ഈ പാഠത്തിനിടയ്ക്ക് ഓരോ പ്രാവശ്യവും കുട്ടികൾ "ദൈവത്തെ ആരാധിക്കുക" എന്നു കേൾക്കുമ്പോൾ, അവർ തങ്ങളുടെ കരങ്ങൾ വായുവിൽ മുകളിലേക്ക് ഉയർത്തി പുറകോട്ടും മുൻപോട്ടും ആട്ടിക്കൊണ്ട്, "ഞാൻ അങ്ങയെ ആരാധിക്കുന്നു" എന്ന് പറഞ്ഞു കൊണ്ട് ദൈവത്തോട് പ്രതികരിക്കുകയും ചെയ്യണം.



## ലഭിക്കുന്ന സന്ദേശം

ബൈബിൾ വാക്യം
“യഹോവയെ സ്തുതിപ്പിൻ; ദൈവത്തെ അവന്റെ വിശുദ്ധമന്ദിരത്തിൽ സ്തുതിപ്പിൻ; അവന്റെ ബലമുള്ള ആകാശവിതാനത്തിൽ അവനെ സ്തുതിപ്പിൻ” സങ്കീ. 150:1



## ഗഗനസഞ്ചാര നിരീക്ഷണം

[ ദൈവം
**ഭയങ്കരനാണ്** ]



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam



# ദൗത്യകേന്ദ്രത്തിൽ നിന്നും ക്ഷിപ്രസന്ദേശം

പ്രധാന പാഠം

## ചെങ്കടൽ കടക്കുന്നത്

അപ്പോൾ യഹോവ മോശെയോട്: വെള്ളം മിസ്രയീമ്യരുടെമേലും അവരുടെ രഥങ്ങളിന്മേലും കുതിരപ്പടയുടെമേലും മടങ്ങിവരേണ്ടതിന് കടലിന്മേൽ കൈ നീട്ടുക എന്ന് കല്പിച്ചു. മോശെ കടലിന്മേൽ കൈ നീട്ടി, പുലർച്ചയ്ക്ക് കടൽ അതിന്റെ സ്ഥിതിയിലേക്ക് മടങ്ങിവന്നു. മിസ്രയീമ്യർ  അതിന് എതിരായി ഓടി. യഹോവ മിസ്രയീമ്യരെ കടലിന്റെ നടുവിൽ തള്ളിയിട്ടു.വെള്ളം മടങ്ങിവന്നു അവരുടെ പിന്നാലെ കടലിലേക്ക് ചെന്നിരുന്ന രഥങ്ങളെയും കുതിരപ്പടയെയും ഫറവോന്റെ സൈന്യത്തെയും എല്ലാം മുക്കിക്കളഞ്ഞു. അവരിൽ ഒരുത്തൻ പോലും ശേഷിച്ചില്ല. യിസ്രായേൽ മക്കൾ കടലിന്റെ നടുവെ ഉണങ്ങിയ നിലത്തുകൂടി കടന്നുപോയി. വെള്ളം അവരുടെ ഇടത്തും വലത്തും മതിലായി നിന്നു. ഇങ്ങനെ യഹോവ ആ ദിവസം യിസ്രായേല്യരെ മിസ്രയീമ്യരുടെ കൈയ്യിൽ നിന്ന് രക്ഷിച്ചു. മിസ്രയീമ്യർ കടൽക്കരയിൽ ചത്തടിഞ്ഞ് കിടക്കുന്നത് യിസ്രായേല്യർ കാണുകയും ചെയ്തു.

മോശെയും യിസ്രായേൽ മക്കളും അന്ന് യഹോവെക്ക് സങ്കീർത്തനം പാടി ചൊല്ലിയത് എന്തെന്നാൽ:
ഞാൻ യഹോവെക്കു പാടും, അവൻ മഹോന്നതൻ കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ
തള്ളിയിട്ടിരിക്കുന്നു. എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ
അവൻ എനിക്ക് രക്ഷയായ്ത്തീർന്നു. അവൻ എന്റെ ദൈവം, ഞാൻ അവനെ സ്തുതിക്കും
അവൻ എന്റെ പിതാവിൻ ദൈവം, ഞാൻ അവനെ പുകഴ്ത്തും. (പുറപ്പാട് : 15:1.2)

നാം കഴിഞ്ഞ ദിവസം യിസ്രായേൽമക്കളെ വിട്ടുപിരിയുമ്പോൾ,തങ്ങളുടെ ശത്രുക്കൾ അവനെ പിന്തുടരുന്നതു കണ്ട്, അവർ വളരെ വിഷമത്തിലായിരുന്നു.അവർ തിരിഞ്ഞ് യുദ്ധം ചെയ്യുകയോ, അല്ലെങ്കിൽ ഓടിപ്പോകുകയോ ചെയ്യണമായിരുന്നു, പക്ഷേ അവർ ദൈവത്തിനായി കാത്തിരിക്കുന്നത് തിരഞ്ഞെടുത്തു. ശത്രുസൈന്യ ത്തിന്റെയും ബൃഹത്തായ 'ചെങ്കടലി' ന്റെയും ഇടയ്ക്ക് തങ്ങൾ കുടുങ്ങിപ്പോയതായി അവർ കണ്ടു.അവർ കുടുങ്ങിപ്പോകുകയും ദൈവം അവരുടെ രക്ഷയ്ക്കായി വരുന്നതിനായി കാത്തിരിക്കുകയും ചെയ്തു. ദൈവം അവരെ രക്ഷിപ്പാനായി വന്നു!
നമുക്ക് ദൈവത്തെ ആരാധിക്കാം!

ദൈവം മോശെയോട് അവന്റെ കയ്യിലുള്ള വടി സമുദ്രത്തിനു മീതെ ഉയർത്തിപ്പിടിക്കുവാൻ നിർദ്ദേശിച്ചു, ഉടൻതന്നെ വെള്ളം രണ്ടായി പിരിയുവാൻ തുടങ്ങി. ബൃഹത്തായ വലിയ നദി രണ്ടായി പിളരുകയും അതിനു നടുവിൽ കൂടി യിസ്രായേൽ ജനത്തിന് നടന്നു പോകുവാൻ തക്കവണ്ണം ഉണങ്ങിയ നിലമായി ഒരു പാത ഉളവാകുകയും ചെയ്തു. ബൈബിളിലെ ഏറ്റവും വിസ്മയാവഹമായ അത്ഭുതങ്ങളിൽ ഒന്നാണിത്. വെള്ളം ഇരുഭാഗങ്ങളിലുമായി കൂമ്പാരമായി കൂടുകയും ദശലക്ഷക്കണക്കിന് ആളുകൾ കാൽനടയായി കടന്നുപോവുകയും ചെയ്തു. എന്നാൽ ആ പാതയിൽകൂടി യിസ്രായേൽമക്കളെ പിന്തുടരുവാൻ മിസ്രയീമ്യർ ശ്രമിച്ചപ്പോൾ, ദൈവം ചിറപോലെ കുമ്പാരമായി നിർത്തിയ ചെങ്കടലിലെ വെള്ളം മിസ്രയീമ്യരുടെമേൽ മടക്കിവരുത്തുകയും, അവരെയെല്ലാം സമുദ്രത്തിന്റെ നടുവിൽതന്നെ കൊന്നുകളയുകയും ചെയ്തു. ദൈവം നിങ്ങൾക്കായി യുദ്ധം ചെയ്യുന്നതിന്റെ ഒരുദാഹരണമാണിത്. അവന്റെ അതിശയകരമായ അത്ഭുതപ്രവർത്തികൾക്കായി ദൈവത്തെ ആരാധിക്കുക എന്നുള്ളതല്ലാതെ മറ്റൊന്നും തന്നെ ചെയ്യുവാനില്ല. സമുദ്രത്തിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി നിങ്ങൾ സമുദ്രത്തെ കുറുകെ കടക്കുന്നതും, നിങ്ങളുടെ ശത്രുക്കളെ പരാജയപ്പെടുത്തുന്നതും നിങ്ങൾക്ക് ഭാവനയിൽ കാണുവാൻ കഴിയുമോ?
ദൈവത്തിന്റെ അത്ഭുതപ്രവർത്തിയും ശക്തിയും നിമിത്തം, ദൈവത്തിന് സ്തുതി ഗീതങ്ങൾ  ആലപിച്ചുകൊണ്ട് ദൈവത്തെ ആരാധിച്ചതാണ് രക്ഷപെട്ടതിന് ശേഷം യിസ്രായേല്യർ ആദ്യം ചെയ്ത പ്രവർത്തി.

ദൈവത്തെ ആരാധിക്കുക എന്നതുതന്നെ ആയിരിക്കണം, ദൈവത്തോടും അവന്റെ അത്ഭുതപ്രവർത്തിയോടും നമുക്കുള്ള ആദ്യപ്രതികരണം .സ്കൂളിലെ ഒരു പരീക്ഷയിൽ നിങ്ങളെ സഹായിക്കുവാൻ നിങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുകയും, ദൈവം അത് നിവർത്തിക്കുകയും ചെയ്യുമ്പോൾ, അവിടെ വെറുതെ ഇരിക്കരുത്. ദൈവത്തിന് സ്തോത്രം ചെയ്യുക.ആ പരീക്ഷയിൽ നന്നായി ഉത്തരമെഴുതുവാൻ കഴിഞ്ഞു എന്ന് നിങ്ങൾക്ക് തോന്നുമ്പോൾ ദൈവത്തെ ആരാധിക്കുക.നിങ്ങളുടെ മാതാപിതാക്കൾ തമ്മിൽ വഴക്കടിക്കുന്നത് കണ്ടു മടുത്തു, അവർക്ക് സമാധാനം നൽകുവാൻ നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുകയും, അവർ വഴക്കടിക്കുന്നത് പെട്ടെന്ന് നിർത്തുകയും ചെയ്യുമ്പോൾ, ദൈവത്തെ ആരാധിക്കുക. ദൈവം നിങ്ങളെ കടാക്ഷിക്കുവാനും, നിങ്ങളുടെ സഭയെ സഹായിക്കുവാൻ ഒരു പദ്ധതി നല്കുവാൻ നിങ്ങൾ ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ക്ലാസ്സിലെ ഒരു പദ്ധതി നല്കുവാൻ നിങ്ങൾ ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുമ്പോൾ, നിങ്ങളുടെ ക്ലാസ്സിലെ ഒരു അദ്ധ്യാപകന്റെ, അദ്ദേഹത്തിന്റെ സഹായിയായി ഒപ്പം നിൽക്കുവാൻ നിങ്ങളോട് ആവശ്യപ്പെടുകയും ചെയ്യുമ്പോൾ, ദൈവത്തെ ആരാധിക്കുക. നിങ്ങളുടെ സ്കൂളിലെ ഒരു വഴക്കാളിയെ ഒഴിവാക്കുവാനും, അവനോട് എതിർത്തുനിൽപ്പാനും, ആ വഴക്കാളിയും അവന്റെ കുടുംബാംഗങ്ങളുമെല്ലാം മറ്റൊരു നഗരത്തിലേക്ക് താമസം മാറ്റുകയും ചെയ്താൽ, ദൈവത്തെ ആരാധിക്കുക. നാം അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് ദൈവത്തിന്റെ പക്കൽ എപ്പോഴും വ്യത്യസ്തങ്ങളായ മറുപടികൾ ഉണ്ട്. ദൈവം തുടർമാനമായി നമ്മെ സഹായിക്കുകയും നമുക്കായി കരുതുകയും ചെയ്യുന്നു, ആയതിനാൽ യിസ്രായേൽ ജനം ചെയ്തതുപോലെ നാമും ദൈവത്തോട് പ്രതികരിക്കേണ്ടതാണ്: ദൈവത്തെ ആരാധിക്കുക!



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

## ഭക്ഷണമുറി

ലഘുഭക്ഷണ ശാല

### ചെങ്കടൽ കടക്കുന്നത്

ഉണങ്ങിയ നിലത്തുകൂടി കടക്കുന്നത് നീല ജലാറ്റിൻ തയ്യാറാക്കി ഒരു വലിയ ഡിഷിലേക്ക് ഉറയ്ക്കുന്നതിനായി അതൊഴിക്കുക. അത് പൂർണ്ണമായി ഉറയ്ക്കുന്നതിന് മുമ്പായി , ആവശ്യമെങ്കിൽ മത്സ്യത്തിന്റെ ആകൃതിയിലുള്ള ചില കളിപ്പാട്ടങ്ങൾ അതിലേക്കിടുക.യിസ്രായേൽ ജനം ചെങ്കടലിന്റെ നടുവിൽ ഉണങ്ങിയ നിലത്തുകൂടി അക്കരെ കടന്നതിനെ സൂചിപ്പിക്കുവാൻ തക്കവണ്ണം ഡിഷിന്റെ മദ്ധ്യഭാഗത്തുനിന്നും, ഉറച്ച ജലാറ്റിൻ നീക്കം ചെയ്യുക. പ്രദർശനത്തിനായി ഒരെണ്ണം തയ്യാറാക്കുക,ചെറിയ ഡിസ്പോസബിൾ കപ്പുകൾ ഉപയോഗിച്ച് ഓരോ കുട്ടിയ്ക്കും വേണ്ടി ജല്ലോ തയ്യാറാക്കുക.



### ഊഹാപോഹം

ലഘുഭക്ഷണ സമയത്ത് ശൂന്യാകാശയാത്രയുടെ പ്രയോജനങ്ങളെപ്പറ്റി ചർച്ച ചെയ്യുക

### സൂപ്പർനോവകൾ

ചില നക്ഷത്രങ്ങൾ ക്രമാതീതമായി വലുതാകുകയും അതിൽത്തന്നെ വളരെയധികം ആന്തരികസമ്മർദ്ദം ഉളവാകുകയും , അങ്ങനെ കാലക്രമത്തിൽ അതിനുള്ളിലെ സമ്മർദ്ദത്തെ താങ്ങുവാൻ പറ്റാത്ത ഒരു അവസ്ഥയിൽ എത്തിച്ചരുകയും ചെയ്യുന്നു.ആന്തരികസമ്മർദ്ദം വളർന്നു വളർന്നു വളർന്ന് ഒരു വേളയിൽ ആ വലിയ നക്ഷത്രം ഒരു ദശലക്ഷം ചെറുകഷണങ്ങളായി ശൂന്യാകാശത്തിൽ പൊട്ടിച്ചിതറുന്നു! ശാസ്ത്രജ്ഞൻമാർ ഇവയെ സൂപ്പർ നോവകൾ എന്നു വിളിക്കുന്നു.ചെങ്കടൽ കടന്നതിലൂടെ അടിമത്വത്തിൽ നിന്നും മരണത്തിൽ നിന്നും രക്ഷപ്പെട്ട യിസ്രായേല്യരുടെ ഹൃദയങ്ങളിൽ അന്ന് നന്ദിയുടെയും സന്തോഷത്തിന്റെയും ഒരു വലിയ സമ്മർദ്ദം ഉണ്ടായിരുന്നിരിക്കാം.ഞാൻ ഇപ്രകാരം ചിന്തിക്കുന്നു,തങ്ങളെ രക്ഷിച്ച ദൈവത്തോടുള്ള നന്ദിയാൽ ദൈവത്തെ ആരാധിക്കുന്നതിൽ അവർ പൊട്ടിത്തെറിക്കുന്നതുപോലെ ആയിരുന്നിരിക്കാം! ഒരു സൂപ്പർ നോവയെപ്പോലെ,ദൈവം നമ്മുടെ രക്ഷക്കായി കടന്നുവന്ന സമയങ്ങളെയോർത്ത്, നമ്മെ രക്ഷിച്ചതിനായി ദൈവത്തിന് സ്തോത്രം ചെയ്തുകൊണ്ടും അവനെ സ്തുതിച്ചുകൊണ്ടും, ആരാധനയിൽ പൊട്ടിത്തെറിയ്ക്കുന്ന അനുഭവങ്ങൾ (സമയങ്ങൾ) നിങ്ങളുടെയും എന്റെയും ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്!



## കേഡറ്റ് ക്ലാസ്

### ദൈവത്തെ ആരാധിക്കുക!

അടയാള ഭാഷയിൽ ഈ വാക്കുകൾ പഠിപ്പിച്ചുകൊണ്ട് കഥ പുനരവലോകനം ചെയ്യുക.തുടർന്ന് കുട്ടികളുടെ പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചോദ്യങ്ങൾ ചോദിക്കുന്ന ആളിനെ

#### പാടുക

ഇടതു കൈപ്പത്തിയുടെ മുൻപിലായി വലതുകരം പിറകിലോട്ടും മുൻപിലോട്ടും ചലിപ്പിക്കുക.



#### ജീവിക്കുക

തള്ളവിരലുകളും ചൂണ്ടുവിരലുകളും നീട്ടിക്കൊണ്ട്, കൈകൾ ശരീരത്തിന്റെ മുകളിലേക്കുയർത്തുക.





#### ആഘോഷിക്കുക

വലതുകയ്യിലെ ചൂണ്ടുവിരലും തള്ളവിരലും പരസ്പരം കൂട്ടിമുട്ടിച്ചുകൊണ്ട്, ചെറിയ വൃത്തങ്ങൾ ഉണ്ടാക്കുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

എഞ്ചിനീയറിംഗ്

## ചെങ്കടൽ കടക്കുന്നത്

എഞ്ചിനീയറിംഗ്



നല്കേണ്ടവ:

വാക്യമോ നദിയുടെ രൂപരേഖയോ മുൻകൂട്ടി ആലേഖനം ചെയ്ത് പ്രിന്റ് ചെയ്തിരിക്കുന്ന വെള്ളപേപ്പർ.

നീല ക്രയോൺസ് , കളർ പെൻസിലുകൾ മാർക്കർ അല്ലെങ്കിൽ പെയിന്റ്

നിബന്ധനകൾ:

1. വെള്ളമുള്ള ഭാഗങ്ങളും ഉണങ്ങിയനിലവും കളർ ചെയ്യുക
2. ഉണങ്ങിയ നിലത്തിന്റെ ഭാഗത്ത് എത്തുന്നതിനു മുമ്പായി കുത്തുകൾ ചേർത്തുണ്ടാക്കിയ മുറിക്കുകയോ കൂറുകയോ ചെയ്തിട്ട് നിവർത്തുക
3. സ്ലിപ്പുകൾ ഒരു പടിമേലോ പെൻസിലിൻമേലോ , ക്രയോണിന്റെമേലോ മുറുക്കി ചുറ്റിക്കെട്ടുക കഴിയുമെങ്കിൽ ചെറിയ കല്ലുകൾ നദിയുടെ അടിത്തട്ടിൽ ഒട്ടിച്ചുവെയ്ക്കുക.

കളികൾക്കും സമാപനത്തിനുമായി തിരികെ പാലത്തിലേക്ക് (വലിയ ഗ്രൂപ്പിലേക്ക്)

## മെസ്സി മാർഷ്മെല്ലോ ഡ്രോപ്പ്

ശൂന്യാകാശ ഗയിമുകൾ

തങ്ങളുടെ ടീം അംഗത്തിന്റെ നെറ്റിമേൽ പിടിപ്പിച്ചിരിക്കുന്ന കപ്പിലേക്ക് എത്ര മാർഷ് മെല്ലോകൾ നേടുവാൻ കഴിയും എന്നതിനായി ഓരോ ടീമുകളും മത്സരിക്കുന്നതാണ് ഈ കളിയുടെ ആശയം. കൂടുതൽ പേരെ ഉൾപ്പെടുത്തി ഈ ഗെയിം ശ്രോതാക്കൾക്ക് ആസ്വാദ്യകരമാക്കുന്നത് കൂടുതൽ നന്നായിരിക്കും. ഒരു ഗോവണിയോ കസേരയോ മുൻവശത്തായി ഉറപ്പിച്ച് വച്ചതിന് ശേഷം രണ്ടുകുട്ടികളെ അതിന്റെ ഇരുവശങ്ങളിലും താങ്ങിപ്പിടിക്കുന്നതിനായി നിർത്തുക.ഓരോ ടീമിൽ നിന്നും 5 കുട്ടികൾ വീതം പങ്കെടുക്കുന്ന ഈ കളിയിൽ, ഒരു സമയത്ത് ഒരു ടീമിന് മാത്രമേ പങ്കെടുക്കുവാൻ പറ്റൂ,അവരെ ഒരു കാവല്ക്കാരൻ സസൂഷ്മം നിരീക്ഷിക്കുകയും ചെയ്യണം. രണ്ടു കുട്ടികളോ (അല്ലെങ്കിൽ രണ്ട് മുതിർന്ന ലീഡേഴ്സോ) ഗോവേണിയുടെ മുൻപിൽ നിലത്ത് തലയോട്-തലചേർത്ത് കിടക്കുന്നു.കുട്ടികളുടെ വസ്തങ്ങൾക്ക് കുഴപ്പം സംഭവിക്കാതിരിക്കുന്നതിനായി, ഒരു ഗാർബേജ് ബാഗിന് തലയുടെ ഭാഗത്ത് ഒരു വലിയ ദ്വാരം വെട്ടിയുണ്ടാക്കിയതിനു ശേഷം,ഒരു ഉടുപ്പുപോലെ ധരിക്കാവുന്നതാണ്.ഈ കുട്ടികൾ തങ്ങളുടെ ശരീരത്തെ സംരക്ഷിക്കുന്ന തരത്തിലുള്ള വലിയ സംരക്ഷണ ഗ്ലാസുകൾ ഉപയോഗിക്കുന്നതും നല്ലതാണ്.തുടർന്ന്, മാർഷ്മെല്ലോകളും ചോക്കളേറ്റ് സിറപ്പും തുല്യ അളവിൽ രണ്ട് പാത്രങ്ങളിൽ ഒഴിക്കുക. ഒരു കുട്ടി ഗോവേണിയുടെ മുകളിലേക്ക് മാർഷ്മെല്ലോയുടെ പാത്രവുമായി പോകുന്നു. രണ്ടു കുട്ടികൾ ഗോവേണിയിൽ പിടിക്കുന്നു, രണ്ടു കുട്ടികൾ കപ്പ് അവരുടെ നെറ്റികളിൽ വെച്ചുകൊണ്ട് നിലത്ത് കിടക്കുന്നു. ലീഡർ "ഗോ" (പോകുക) എന്നു പറയുമ്പോൾ, ഗോവേണിയുടെ മുകളിലുള്ള കുട്ടി, ചോക്കളേറ്റിൽ മുക്കിയ പരമാവധി മാർഷ്മെല്ലോകൾ,തനിക്ക് ലഭ്യമായ 60 സെക്കൻഡുകൾക്കുള്ളിൽ കപ്പുകളിലേക്ക് ഇടുന്നു.ഒടുവിൽ, കപ്പിനുള്ളിലെ മാർഷ്മെല്ലോകളെ എണ്ണിനോക്കുക.തിന്നുപോയ മാർഷ്മെല്ലോകളെ എണ്ണുവാൻ പാടില്ല, ഒരു ടീം കളി അവസാനിക്കുമ്പോൾ, രണ്ടാമത്തെ ടീമിനെ സജ്ജമാക്കുക. കപ്പിൽ ഏറ്റവും കൂടുതൽ മാർഷ്മെല്ലോകൾ ലഭിക്കുന്ന ടീം വിജയിക്കുന്നു!

## കേക്ക് ഓട്ടമത്സരം

സദസ്സിലെ എല്ലാ പ്രേക്ഷകർക്കും ആസ്വാദ്യകരമായ രീതിയിൽ, ഓരോ ടീമിൽ നിന്നുള്ള രണ്ടു കുട്ടികൾ എത്രയും വേഗത്തിൽ ഓടിവന്ന് കേക്ക് അലങ്കരിക്കുന്നതാണ് ഈ കളിയുടെ ആശയം. ഫ്രോസ്റ്റ് ചെയ്തിട്ടില്ലാത്ത രണ്ടു കേക്കുകൾ മുൻകൂറായി സജ്ജമാക്കി വെയ്ക്കുക. കേക്ക് അല്പമൊന്ന് അലങ്കരിക്കുന്നതിനായി, എപ്രോൺസ്,ഫ്രോസ്റ്റിംഗ്, മുറിക്കുവാനുള്ള എന്തെങ്കിലും ഉപകരണം, കുറച്ച് വിതറുവാനുള്ളവ,അല്ലേങ്കിൽ മറ്റെന്തെങ്കിലും,എന്നിവ നല്കുക. ലീഡർ "ഗോ" (പോകുക) എന്നു പറയുമ്പോൾ, കുട്ടികൾ എപ്രോൺസ് ധരിക്കുക, കേക്ക് ഫ്രോസ്റ്റ് ചെയ്യുന്നു, അത് അലങ്കരിക്കുന്നു, പിന്നെ കേക്കിന്റെ അല്പഭാഗം പെട്ടെന്ന് കടിച്ചെടുക്കുക.ഇത് ഏറ്റവും കൂടുതൽ വേഗത്തിൽ ചെയ്യുന്ന ടീമാണ് വിജയിക്കുന്നത്. ഒരു ബോണസ് എന്ന നിലയിൽ, വി ബി എസ്സി ന്റെ സമാപനദിനത്തിൽ എല്ലാ കുട്ടികൾക്കും സ്നേഹോപഹാരമായി ഇഷ്ടംപോലെ കേക്കുപീസുകൾ വിതരണം ചെയ്യുക.



www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam












www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam




”എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം
കേട്ടിട്ട്: അടിയൻ ഇതാ, അടിയനെ
അയയ്ക്കേണമേ എന്നു പറഞ്ഞു” യെശയ്യാവ് 6:8



”എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം
കേട്ടിട്ട്: അടിയൻ ഇതാ, അടിയനെ
അയയ്ക്കേണമേ എന്നു പറഞ്ഞു” യെശയ്യാവ് 6:8


ഗാലക്സി
എക്സ്പ്രസ്
ഗാലക്സി
എക്സ്പ്രസ്



”അവന്റെ

ബലമുള്ള

ആകാശവിതാനത്തിൽ

അവനെ


സ്തുതിപ്പിൻ”

സങ്കീ. 150:1

ശൂന്യാകാശപേടകത്തിൽ കയറുവാൻ
നിങ്ങളെ ക്ഷണിക്കുന്നു...

# ഹേയ് കുട്ടികളെ!

# ഗാലക്സി എക്സ്പ്രസ്




ദൈവത്തിന്റെ മാഹാത്മ്യത്തെ കണ്ടെത്തുവാൻ നിങ്ങളെ സഹായിക്കുന്ന ഒരു ഗഗനസഞ്ചാര സാഹസികത! അവിടെ ലഘുഭക്ഷണവും, കളിപ്പാട്ടങ്ങളും പ്രവർത്തനങ്ങളും, പാട്ടുകളും, റോക്കറ്റുകളും, ധാരാളം രസകരമായ കാര്യങ്ങളും ഉണ്ട്. വരിക, ഞങ്ങളോടൊപ്പം ചേരുക!

എവിടെ:

എപ്പോൾ:

---

ഗാലക്സി എക്സ്പ്രസ്



# സർട്ടിഫിക്കററ്

എന്ന അവധിക്കാല വേദപഠന ക്ലാസിൽപങ്കെടുത്ത

[ ______________________________ ]

ന് (പേര്) ഈ സർട്ടിഫിക്കററ് സമ്മാനമായി നല്കുന്നു.

സമ്മാനദാനം നിർവ്വഹിച്ചത്: ____________________ (പേര്)


www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

ശൂന്യാകാശപേടകത്തിൽ
കയറുവാൻ നിങ്ങളെ
ക്ഷണിക്കുന്നു...

ഹേയ് കുട്ടികളെ!




ദൈവത്തിന്റെ മാഹാത്മ്യത്തെ കണ്ടെത്തുവാൻ നിങ്ങളെ സഹായിക്കുന്ന ഒരു ഗഗനസഞ്ചാര സാഹസികത! അവിടെ ലഘുഭക്ഷണവും, കളിപ്പാട്ടങ്ങളും പ്ര വർത്തനങ്ങളും, പാട്ടുകളും, റോക്കറ്റുകളും, ധാരാളം രസകരമായ കാര്യങ്ങളും ഉണ്ട്. വരിക, ഞങ്ങളോടൊപ്പം ചേരുക!



എവിടെ:
എപ്പോൾ:




| എളുപ്പമുള്ളത് | ഇടത്തരം | പ്രയാസമുള്ളത് |
|---|---|---|
| 4–6 വയസ്സു വരെ പ്രായമുള്ളവർക്ക്, വായനയില്ല | 7–9 വയസ്സുവരെ പ്രായമുള്ളവർക്ക്, കുറച്ചു വായന | 10–12 വയസ്സുവരെ പ്രായമുള്ളവർക്ക്, വായനയുംപ്രയാസമുള്ള ചോദ്യങ്ങളും |




### കുട്ടികളുടെ പുസ്തകങ്ങൾ

നിങ്ങളുടെ വി.ബി.എസിലെ വിദ്യാർത്ഥികൾ ഓരോ ദിവസവും പാഠങ്ങൾ പുനരവലോകനം ചെയ്യുമ്പോൾ പ്രശ്നോത്തരികൾ ചെയ്തും മറ്റു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും ഈ പ്രോഗ്രാം ആസ്വദിക്കുന്നതാണ്.

മുഴുവൻ പ്രോഗ്രാമുമായി നിങ്ങളുടെ ടീമിനെ സജ്ജമാക്കിക്കൊണ്ട് നിങ്ങളുടെ വിബിഎസിനെ ഒരു ഗഗനസഞ്ചാര സാഹസികതയാക്കി മാറ്റുക! ഈ പേജിലെ എല്ലാ പഠന സാമഗ്രികളും ഓൺലൈനിൽ നിന്ന് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്ന രീതിയിലാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഓൺലൈനിൽ ഞങ്ങളുടെ ലോഗോയും ചിത്രങ്ങളും കണ്ടിട്ട് നിങ്ങൾക്ക് സൗകര്യമായ സ്വന്തം പഠനം സാമഗ്രികൾ തയ്യാറാക്കുക. നിങ്ങളുടെ അദ്ധ്യാപകരെ ആകാംക്ഷഭരിതരാക്കുകയും, നിങ്ങളുടെ കുട്ടികൾക്ക് യേശുവിനെക്കുറിച്ച് പഠിക്കുവാൻ ധാരാളം രസകരമായ കാര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക!

## www.ChildrenAreImportant.com/galaxy

നിങ്ങൾ ഒരു വലിയ ഓഡർ നല്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ (100-ൽ അധികം സഭകൾക്ക്) ഇംഗ്ലീഷിലോ ഹിന്ദിയിലെ പഠനസാമഗ്രികൾക്കായി ഞങ്ങളെ ബന്ധപ്പെടുക

ഞങ്ങൾ മെക്സിക്കോയിലാണ്: 01-592-924-9041

### പ്രധാന ലഘുലേഖകൾ

നേതൃത്വം വഹിക്കുന്നവർക്ക് കൊടുക്കുന്നതിന്റെ സൗകര്യാർത്ഥം. വി.ബി.എസ്സിന്റെ ഓരോ വിഭാഗങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ പ്രത്യേക ലഘുലേഖകളിലാക്കി നല്കിയിരിക്കുന്നു. ഈ വിവരം ഡയറക്ടേഴ്സ് മാന്വലിലും

### ഡയറക്ടേഴ്സ് മാന്വൽ

ഈ പുസ്തകത്തിലുള്ള വി.ബി.എസിന്റെ എല്ലാ വിവരങ്ങളും കാണുക! - പട്ടിക, വോളന്റിയർമാർ, പാഠങ്ങൾ, കൂടുതൽ ആശയങ്ങൾ എന്നിവ.








കുട്ടികൾ പ്രാധാന്യമുള്ളവർ




## പ്ലാനറ്റ് പോസ്റ്റർ സെറ്റ്

വിബിഎസിന്റെ രണ്ടാം ദിവസം, നമ്മുടെ നക്ഷത്രസമൂഹ (താരാപഥം)ത്തിലുള്ള, വിവിധ വലിപ്പത്തിലുള്ള ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും പ്രദർശിപ്പിക്കുവാൻ ഈ പോസ്റ്ററുകൾ ഉപയോഗിക്കുക.




## ക്ഷണിക്കുവാനുള്ള പോസ്റ്റർ

നിങ്ങളുടെ വി.ബി.എസ്സിലേക്ക് കൂടുതൽ കുട്ടികളെ ക്ഷണിക്കുന്നതിനായി ഈ പോസ്റ്റർ സമീപപ്രദേശത്ത് തൂക്കിയിടുക.




## മ്യൂസിക് സിഡിയും ഡിവിഡിയും




നിങ്ങളുടെ വിബിഎസ് കൂടുതൽ ഉത്സാഹഭരിതമാക്കുന്നതിനായി ഗാലക്സി എക്സ്പ്രസ് വി.ബി.എസിന്റെ ഒറിജിനൽ പാട്ടുകളും ഡാൻസുകളും ഉപയോഗിക്കുക!
പാട്ടുകൾ ഓൺലൈനായി ഡൗൺലോഡുചെയ്യുകയുംയൂട്യൂബിൽ വീഡിയോ ദൃശ്യങ്ങൾ കാണുകയും ചെയ്യുക. (ഈ പ്രാവശ്യം. പാട്ട് ലഭ്യമാകുന്നത് ഇംഗ്ലീഷിൽ മാത്രം)




## ക്ഷണിക്കുവാനുള്ള ഫ്ളയർ

ഈ ഫ്ളയേഴ്സ് ഉപയോഗിച്ച് കൂടുതൽ കുട്ടികളോട് യേശുവിനെക്കുറിച്ച് പറയുകയും അവരെ വി.ബി.എസ്സിലേക്ക് ക്ഷണിക്കുകയും ചെയ്യുക.

## കുട്ടികൾ

കളിപ്പാട്ടങ്ങൾ
ഇഷ്ടപ്പെടുന്നു!ഗാലക്സി എക്സ്പ്രസ്ലഭ്യമായ മാതൃകകൾ അനുസരിച്ച്, ഓരോ ദിവസത്തേക്ക് ഓരോന്നുവച്ച്, 5 കളിപ്പാട്ടങ്ങൾ കൊണ്ടുവരിക. ഓരോ ദിവസവും അന്നന്നത്തെ പാഠങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം, കുട്ടികൾക്ക് പ്രോഗ്രാം രസകരമാകുന്നതിനായി പ്രാദേശികമായി ലഭിക്കുന്ന സാധനസാമഗ്രികൾ ഉപയോഗിക്കുക. പേപ്പറും പശയും, നിറം കൊടുക്കുന്ന സാധനങ്ങളും ഒരു കുട്ടിക്ക് ഒരു പേപ്പർ വീതം ലഭ്യമാകുന്ന രീതിയിലാണ് കളിപ്പാട്ടങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്.






## സർട്ടിഫിക്കറ്റ്

ഈ സർട്ടിഫിക്കറ്റുമായി കുട്ടികൾ പ്രോഗ്രാമിൽ പങ്കെടുക്കുന്നതിന് അവർക്ക് സമ്മാനങ്ങൾ നല്കുക.

## സ്റ്റേജിന്റെ ബാക്ക്ഗ്രൗണ്ട്

നിങ്ങളുടെ സ്റ്റേജിൽ ഈ ബാക്ക്ഗ്രൗണ്ട് ഉപയോഗിച്ച് കുട്ടികളുടെ ഭാവനയെ പ്രചോദിപ്പിക്കുക. പി.ഡി. എഫ് ഡൗൺലോഡ് ചെയ്ത് ഒരു വലിയ പ്രിന്റ് ചെയ്ത ടാർപ്പ് തയ്യാറാക്കുക. നിർദ്ദേശിക്കപ്പെട്ട വലിപ്പം: 4 X 2 മീറ്റർ അല്ലെങ്കിൽ 3 X 1.5 മീറ്റർ കളിപ്പാട്ടങ്ങൾ.









www.ChildrenAreImportant.com – Children's ministry resources, Sunday School, and Vacation Bible School (VBS) curriculum for churches and teachers - Malayalam

# ഈ വിബിഎസ്സ് നിങ്ങൾക്ക് ഇഷ്ടമാണോ?




യേശുക്രിസ്തുവിന്റെ ഉപമകളുടെ രഹസ്യാത്മക (നിഗൂഢ) അർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിന് ഇവിടെ കുട്ടികൾ തങ്ങളുടെ ഡീക്കോഡറിന്റെയും ഡസിഫറിന്റെയും രഹസ്യസന്ദേശങ്ങൾ പിടിച്ചെടുക്കുന്നു. നിങ്ങളുടെ മുതിർന്ന വിദ്യാർത്ഥികൾ മത്തായി സുവിശേഷം മുഴുവൻ വായിക്കുന്ന സമയം നിങ്ങൾ അവരെ വെല്ലുവിളിക്കൂ. ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നതിനാണ് നിങ്ങൾ ഇവിടെ ആയിരിക്കുന്നത്; ഞങ്ങൾ നിങ്ങളെ സഹായിക്കുന്നതിനായും.



യാതൊരു ബാധ്യതകളുമില്ലാതെ മറ്റു സഭകൾക്കും ശുശ്രൂഷകന്മാർക്കും (സുവിശേഷം– പ്രസ്ഥാനങ്ങൾക്കും) ഞങ്ങളുടെ പഠന സാമഗ്രികൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാനും, ഉപയോഗിക്കുവാനും, പ്രിന്റു ചെയ്യുവാനും, വിതരണം ചെയ്യുവാനും സാധിക്കുന്നതാണ്.

# www.ChildrenAreImportant.com/Detectives

Manual Galaxy Malayalam
13602

www.ChildrenAreImportant.com
info@childrenareimportant.com
We are located in Mexico.
DK Editorial Pro-Visión A.C.

കുട്ടികൾ പ്രാധാന്യമുള്ളവർ